K
M

ARCHIVES AND RESEARCH CENTRE

ST. KURIAKOSE ELIAS CHAVARA ARCHIVES AND RESEARCH CENTRE
MANNANAM

5104

ST. KURIAKOSE ELIAS CHAVARA ARCHIVES AND RESEARCH CENTRE
MANNANAM

S. JOSEPH'S PRESS
MANANAM

1

ജ്ഞാനപീ
യൂഷം

[illegible]

MANANAM

ഞ.ങ്ങളുടെ രക്ഷയുടെ സ്ലീവാ
യെ വാഴ്ത്തിന്നാൽ ലൊക
ത്തെ വീണ്ടുരക്ഷിച്ച ഈശൊ
മിശിഹാകൎത്താവിനസ്തുതി.

സവ്വെശ്വരായനമഃ.

ജ്ഞാനപീയൂഷം

വെദവിത്തുപാരഗന്മാർ മുത
ലായവില്പന്നന്മാർ
കാരസാലികാഷകിരുപ്പടത്തിലു
ള്ള നിദ്ദാനക മന്ത്രജപങ്ങൾ മുതലായ
വകളെ തമിഴിൽ ഞ ചുടി പ്പിച്ചിരി
ക്കുന്ന പ്രകാരം മല യാളഭാഷയിൽ
വിധികശ്ലൊകങ്ങൾ അയ ഉപ്പുണുകം
ഗ്രന്ഥങ്ങളെ പടികെ പ്പടിക്കെ ബ
ഹുമാനപ്പെട്ട മല യാള മൊകായുടെ
ഗുണവിശെഷ ഞ്ഞപ്പൊസ്തൊലികാജ്ഞയ
പ്രൊപ്പഗന്ദാവിൽക്കാസദ്രെസനക്രൊസ്ത്രാ
ന്തിന്നമധ്യം വിശുദ്ധം ശീലം
ന്നാദിക്കിനെറ മെത്രാപ്പൊലീത്ത ന്മാ
രുടെ കൽ ക്കൈക്കൊണ്ട മൊതമായി
ൽ നിന്നു വന്നിരിക്കുന്ന ന്യായപ്ര
ഭപ്രകാരം.
കല്പിച്ചതിൽ ഉവ്വരാവുൽ മാ
ന്മാരകമാർയെസപ്പുഞ്ഞവള
ൾ ആശ്രമത്തിൽ അച്ചടിക്കപ്പെട്ടതു.

സുകൃത വഴിയിൽ നടന്ന പരഗാ
തി ചെരുന്നതിന്ന ഈപുസ്തകം ആത്മാ
വിന്റെ ദൈവീക ഭക്ഷണവും ജ്ഞാ
നപീയൂഷ പാനവും പരമ സംഞ്ജീ
വനിയമാകയാൽ ഇതിന്നുജ്ഞാനപീ
യൂഷമെന്നു പെർ വിളിക്കപ്പെടുവാൻ
യുക്തമായി.

എന്നാൽ ഈ ദിക്ക കളിലുള്ള ക്രി
സ്ത്യാനികൾക്കു ആത്മൊപകാരത്തി
ന്നായിക്കൊണ്ടു ദിനം പ്രതി ചെയ്യ്വ
ണ്ടുന്ന കർമ്മങ്ങളും മന്ത്ര ജപങ്ങളും മ
ല്ലാതെ ഈ യിടങ്ങളിൽ ലത്തീൻസു
റിയാനി രണ്ടു ഭാഷകളിലും ചെയ്തു
വരുന്ന പൂജകളെ ക്രമത്തൊടും ഭ
ക്തിയൊടും കൂടെ കാണ്മാനും വഴി
പൊലെ പാപ സംകീർത്തനം ചെയ്തു
ദിവ്യ കാരുണ്യം കൈക്കൊൾവാനു
മുള്ളപ്രകാരവും ആയതിനുള്ള ജപ
ങ്ങളും, ചുരുക്കത്തിലുള്ള ദിവ്യകാരു
ണ്യ വന്ദനയും അൻപത്തുമൂന്നു മണി
ജപവും മിശിഹാ കർത്താവിന്റെ

യും ദൈവമാതാവിന്റെയും പുണ്യ
വാളന്മാരുടെയും പ്രാൎത്ഥനകളും,
നല്ല മരണത്തിന്നായ്പ്പാടുക്രൂട്ടെണ്ടും
വിധവും വ്യാധിയായ്ക്കിടക്കുമ്പോൾ
ചെയ്യാൻ നന്നായിരിക്കുന്ന മനൊവ
ല്ലയ ജപവും, മരണ സമയത്തിലും
മരിച്ച ശെഷവും ശെഷം ജനങ്ങൾ
ചെയ്യെണ്ടുന്ന- അപെക്ഷകളും, ചു
രുക്കത്തിലുള്ള വെദൊപദെശമായ
ചൊദ്യൊത്തരവും, ഇതിലടങ്ങിയി
രിക്കുന്നു.

ഇതിൽ ചിലപദങ്ങൾ അൎത്ഥനി
ൎണ്ണയത്തിനും ശക്തിക്കും വെണ്ടി മാ
ത്രകയിൽ കണ്ടതിൻവണ്ണം പ്രയൊ
ഗിച്ചിരിക്കയാൽ ആയതിന്നും വെദ
ഭാഷയിലുള്ള ചില മൊഴികൾക്കും
അടയാളവും ഉകാരമിട്ടു അടയാള
മായ്ക്ക താഴെ എപ്പൊഴും ഉകാരമാ
യ്ക്ക പുസ്തകത്തിന്റെ അന്ത്യത്തിങ്ക
ൽ ആയതിന്റെ പൊരുളും വിവര
വും എഴുതിയിരിക്കയും ചെയ്യുന്നു.

എന്നാൽ പ്രിയമുള്ള ജ്ഞാന സ
ഹൊദരന്മാരെ! ഒരു നിശ്ചയവും നി
ലയുമില്ലാത്ത ഈ പ്രപഞ്ചത്തിലുള്ള
അനിത്യസുഖങ്ങളിന്മെൽ വഴിപൊ
ക്കരായിരിക്കുന്ന നാം ദുരാശ വെച്ചു
നിത്യനാശത്തിലുൾപ്പെട്ടു പൊകാതെ
നമ്മുടെ ശക്തിയായിരിക്കുന്നവരുമാ
നന്ദമൊക്ഷം കരുതെന്നു സകല നന്മ
കളുടെ കാരണനാം സ്നെഹത്തിന്റെ
എകവിഷയവും നമ്മെ ഇല്ലായ്മയിൽ
നിന്നു സൃഷ്ടിച്ചവനുമായിരിക്കുന്ന സ
ർവ്വെശ്വരനെ കണ്ടു സദാകാലം കുറ
വു കൂടാതെ സന്തൊഷപൂർത്തിയൊടു
വാഴുവാനുള്ള — ആശയൊടു കൂടെ
ഈ ജ്ഞാന പീയൂഷങ്ങൾ നിങ്ങളു
ടെ ആത്മാവിന്റെ രക്ഷയ്ക്കു യൊഗ്യമാ
ക്കി കൊൾവിൻ.

എന്നാൽ ഈ പുസ്തകം എല്ലാവ
രുടെയും ആത്മഗുണത്തിന്റെ വൃദ്ധി
ക്കു പൊരാ എന്നുള്ള ആശകൊണ്ടു, എ
ഴുത്താമസം കൂടാതെ വിസ്താരത്തി

ലുള്ള ജപപ്പുസ്തകവും മറ്റും ജ്ഞാന
പുസ്തകങ്ങളും അച്ചടിച്ചു നമുക്കു എ
ല്ലാവൎക്കും ലഭിപ്പാൻ സംഗതിവ
ന്നല്ലൊ എന്നും വിചാരിച്ചിരിക്കുന്നു.

ആയതുകൊണ്ടു ഇക്കാൎയ്യത്തെക്കുറി
ച്ചും ദൈവസ്തുതി വൎദ്ധിപ്പാനായി
ട്ടും നിങ്ങളും ദൈവത്തൊടു പ്ര
ത്യേകം പ്രാൎത്ഥിച്ചുകൊള്ളുകയും
വെണം.

ST. KURIAKOSE ELIAS CHAVARA ARCHIVES AND RESEARCH CENTRE
MANNANAM

വൎഷം	വിഭൂതി തിരുനാൾ	കൎത്താവുയിൎപ്പുതിരുനാൾ
൧൮൪൭	കുംഭം ൧൭	മേടം ൪
൧൮൪൮	മീനം ൮	മേടം ൨൩
൧൮൪൯	കുംഭം ൨൧	മേടം ൮
൧൮൫൦	കുംഭം ൧൩	മീനം ൩൧
൧൮൫൧	മീനം ൫	മേടം ൨൦
൧൮൫൨	കുംഭം ൨൫	മേടം ൧൧
൧൮൫൩	കുംഭം ൯	മീനം ൨൭
൧൮൫൪	മീനം ൧	മേടം ൧൬
൧൮൫൫	കുംഭം ൨൧	മേടം ൮
൧൮൫൬	കുംഭം ൬	മീനം ൨൩
൧൮൫൭	കുംഭം ൨൫	മേടം ൧൨
൧൮൫൮	കുംഭം ൧൭	മേടം ൪
൧൮൫൯	മീനം ൯	മേടം ൨൪
൧൮൬൦	കുംഭ ൨൨	മേടം ൮

ളുകളുടെകുറിപ്പ.

ആരോഹണത്തിരുന്നാൾ	റൂഹാദ്ക്കുദശായുടെ തിരുന്നാൾ	ദിവ്യകാരുണ്യത്തിൻ തിരുന്നാൾ
ഇട ,, ൰൩	ഇട: ൨൩	മിഥു,, ൧.
മിഥു ,, ൰	മിഥു,, ൰൰	മിഥു,, ൨൨
ഇട ,, ൰൭	ഇട ,, ൨൭	മിഥു ,, ൭
ഇട ,, ൯	ഇട ,, ൰൯	ഇട ,, ൩൦
ഇട ,, ൨൯	മിഥു ,, ൮	മിഥു,, ൰൯
ഇട ,, ൨	ടഇ ,, ൩൦	മിഥു,, ൰൦
ഇട ,, ൬	ഇട ,, ൰൬	ഇട ,, ൨൩
ഇട ,, ൨൬	മിഥു ,, ൪	മിഥു ,, ൰൬
ഇട ,, ൰൭	ഇട ,, ൨൭	മിഥു ,, ൬
ഇട ,, ൰	ഇട ,, ൰൰	ഇട ,, ൨൨
ഇട ,, ൨൰	ഇട ,, ൩൰	മിഥു ,, ൰൰
ഇട ,, ൰൩	ഇട ,, ൨൩	മിഥു ,, ൩
മിഥു ,, ൨	മിഥു ,, ൰൨	മിഥു ,, ൨൩
ഇട ,, ൰൮	ഇട ,, ൨൭	മിഥു ,, ൭

മാററം പററാത്ത തിരുനാളു കളുടെ കുറിപ്പു.

മകരമാസം ൧൹-	ൟശൊമിശിഹാ ചെരുദനാ ചെയ്യപ്പെട്ടു തിരുനാമം ധരിച്ച തിരുനാൾ- കടം.	
മകരം ൬൹-	മൂന്നു രാജാക്കാളുടെ തിരുനാൾ- കടം.	
കുംഭം ൨൹-	ശുദ്ധ. - കന്യാസ്ത്രീ മറിയത്തിന്റെ ശുദ്ധികരത്തിരുനാൾ- കടം.	
മീനം ൭൹-	ശുദ്ധ-. മാർ യൌസെപ്പു പുണ്യവാളന്റെ തിരുനാൾ. ഭക്തി	
മീനം ൧൩൹-	ശുദ്ധ-. കന്യാസ്ത്രീ മറിയത്തിനോടു മംഗലവാർത്ത ചൊല്ലിയ തിരുനാൾ. കടം.	
മിഥുനം ൧൭൹	ശുദ്ധ.-പത്രൊസപ്പൌലൊസ ശ്ലീഹന്മാരുടെ തിരുനാൾ. കടം.	

കൎക്കടകം ൩- മലയാളത്തിന്റെ ശ്ലീ
ഹായായ ശുദ്ധ.- മാർ
തൊമ്മാ ശ്ലീഹാ യുടെ
ദുക്റാന. കടം.

കൎക്കട ൧൬- ഉത്തകവിയ മാതാവി
ന്റെ തിരുനാൾ. ഭക്തി

ചിങ്ങം ൩൧- ശുദ്ധ.- ദൈവമാതാവു
മോക്ഷത്തിൽ എഴുന്നെ
ള്ളിയ തിരുനാൾ. കടം.

കന്നി ൨൪- ശുദ്ധ.- ദൈവ മാതാവു
പിറന്ന തിരുനാൾ. കടം.

തുലാം ൨- കാക്കുന്ന ദൈവ ദൂതന്മാ
രുടെ തിരുനാൾ. ഭക്തി.

വൃശ്ചികം ൧൮- സകല പുണ്യവാളന്മാരു
ടെ തിരുനാൾ. കടം.

വൃശ്ചികം ൨- മരിച്ച ശുദ്ധീകരസ്ഥ
ലത്തിൽ ഇരിക്കുന്ന ആത്മാ
ക്കളുടെ തിരുനാൾ. ഭക്തി

ധനു ൨൩- ശുദ്ധ.- കന്യാസ്ത്രീമറിയം
ജന്മ പാപമില്ലാതെ ഉ
ത്ഭവിച്ച തിരുനാൾ. കടം.

ധനു-൨൧- ശുദ്ധ. - മാർ തൊമ്മാശ്ലീ
ഹായുടെ തിരുനാൾ. ഭക്തി.

ധനു-൨൫- കർത്താവിന്റെ പിറവിയു
ടെ തിരുനാൾ. കടം.

കടമുള്ള ഒരു നെരത്തിന്റെ വിവരം.

ഞൻപതു നൊയമ്പിന്റെ എഴ വെ
ള്ളിയാഴിച്ച ഞല്ലാതെയും ഒടുക്കമ
ള്ള ശനിയാഴ്ചയും കർത്താവിന്റെ പി
റവിയുടെ തലെനാളും ഒരു നെരം
നൊല്ക്കാൻ കടം.

ജ്ഞാനാദ്യായ നമൊസ്തു.

പ്രതിദിനസുകൃത
ജപങ്ങൾ.

ശുദ്ധമാക്കപ്പെട്ട * സ്ലീവാ
മന്ത്രം.

ശുദ്ധമാന സ്ലീവായുടെ അടയാ
ളത്താലെ ഞങ്ങളുടെ ശത്രുക്കളിൽ
നിന്നു ഞങ്ങളെ രക്ഷിക്ക ഞങ്ങളുടെ
തമ്പുരാനെ * ബാവായുടെയും പുത്ര
ന്റെയും * റൂഹാദക്കുദശായുടെയും
നാമത്താലെ. * അമ്മെൻ ഈശൊ.

* (൧) * (൨) * (൩) * (൪)

ധനു൬- ശുദ്ധ. – മാർ തൊമ്മാശ്ലീ
ഹായുടെ തിരുനാൾ. ഭക്തി.

ധനു൰- കർത്താവിന്റെ പിറവിയു
ടെ തിരുനാൾ. കടം.

കടമുള്ള ഒരു നൊമ്പിന്റെ വിവരം.

ന്നൽപത്തു നൊയമ്പിന്റെ എഴു വെ
ള്ളിയാഴ്ചകളിലും ഒക്കെയും ഒട്ടുകാല
ത്തെ ശനിയാഴ്ചയും കർത്താവിന്റെ പി
റവിയുടെ തലെനാളും ഒരു നെരം
നൊല്ക്കാൻ കടം.

ഈശോമിശിഹായ നമൊസ്തു.

✠

പ്രതിദിനസ്തുതി ജപങ്ങൾ.

ശുദ്ധമാകപ്പെട്ട * സ്ലീവാ മന്ത്രം.

ശുദ്ധമാന സ്ലീവായുടെ അടയാളത്താലെ ഞങ്ങളുടെ ശത്രുക്കളിൽ നിന്നു ഞങ്ങളെ രക്ഷിക്ക ഞങ്ങളുടെ തമ്പുരാനെ * ബാവായുടെയും പുത്രൻറയും * റൂഹാദക്കുദശായുടെയും നാമത്താലെ. * അമ്മേനീശൊ.

* (൧) * (൨) * (൩) * (൪)

സുകൃത * വൃത്തി പ്രകരണം.

പുലർകാലമെ കണ്ണുതുറക്കുമ്പൊൾ

ഒത്ത.

ഈശൊ മറിയമെ യൌസെപ്പെ! ദുഷ്കാഴ്ച ഞാൻ കാണാതെ യും നിരൂപിക്കാതെയു മിരിപ്പാൻ നി ങ്ങളുടെ സംരക്ഷയിലാക്കി, എ ന്റെ കണ്ണുകൾ തുറക്കുന്നു.

എഴുനെല്ക്കുമ്പൊൾ.

ഈശൊമിശിഹാ യുടെ തിരുനാ മത്താൽ ഞാനെഴുനെല്ക്കുന്നു, എന്റെ കർത്താവെ! കിടക്കയിൽ നിന്നെഴു നെറ്റതുപൊലെ ഞാൻ സകല പാ പങ്ങളെയും വിട്ടെഴുന്നെറ്റു വീണ്ടു പാപത്തിൽ വീഴാതിരിപ്പാൻ, എ ന്നെ കാത്തുരക്ഷിച്ചുകൊള്ളണമെ.

ഉടുക്കുമ്പൊൾ.

എന്റെ കർത്താവെ! ഭംഗിയം മ റെപ്പാൻ വസ്ത്രം തന്നതുപൊലെ,

---

*ശെകാഴ്ചൾ.

ആത്മാലം കാരണത്തിന്നു നിന്റെ- ഇ
ഷ്ടപ്രസാദമിനിക്കു നീതരിക .

ഉദയാരാധന.

ബാവായും പുത്രനും റൂഹാദക്കുദ
ശായുമായ ത്രിയേകനായ * സർവ്വേ
ശ്വരാ ! നിന്നെ ഞാൻ വാഴ്ത്തി സ്തു
തിക്കുന്നു, കർത്താവെ നിന്റെ തിരു
വചനങ്ങളെ ഒക്കയും ഏഴവൻ മന
സ്സോടു കൂടെ വിശ്വസിച്ചു ശരണപ്പെ
ട്ടു എല്ലാവസ്തുക്കളെക്കാൾ നിന്നെ ഞാ
ൻ സ്നേഹിക്കുന്നു. നീ എനിക്കു ചെയ്ത ഉ
പകാരങ്ങളെ പ്രത്യേകം, പ്രത്യേകം
ഇന്നാൾ വരെ എന്നെ ജീവിപ്പിച്ച പ
രിപാലിച്ചു വന്നതുകൊണ്ടും, ഇടവി
ടാതെ നിന്നെ ഞാൻ സ്തുതിച്ചു കൊ
ണ്ടാടുന്നു. ഇന്നേദിവസം നിന്റെ പ്ര
മാണത്തിന്നു വിഘ്നം വരുത്താതെ പ്രാ
പരിക്കുന്നതിന്നു- എന്റെ മനസ്സിൽ
വഴിയെ- ഉറച്ചിരിക്കുന്നു. ആയതു
കൊണ്ടു- എന്റെ നിരൂപണവചനം

പ്രവൃത്തി- ആത്മശരീര സകലത്തെ
യും, നിന്റെ* പരികർമ്മത്തിനു യൊ
ഗ്യമാംവണ്ണം നടത്തികൊള്ളുവാൻ
നിന്റെപക്കൽ തന്നെ- എന്നെഞാൻ
ഒകയാളിക്കുന്നു. ഇതുമെന്യെ ഞാൻ
ചെയ്യാനിരിക്കുന്ന നല്ല പ്രവൃത്തിക
ളൊക്കയും മിശിഹാകർത്താവിന്റെ
പുണ്യങ്ങളൊടുകൂടെ നീ കൈക്കൊ
ള്ളണമെ, ഇവരാലുണ്ടാകുന്ന പുണ്യ
ഫലം ഞാനനുഭവിച്ചു ആയതുകൊ
ണ്ടു- എന്റെസകല പാപങ്ങൾക്കും
പൊറുതികിട്ടുമെന്നു ശരണപ്പെട്ടിരി
ക്കുന്നു. കർത്താവെ! നിന്റെ- അറ്റ
മില്ലാത്ത കാരുണ്യത്താൽ എന്നെനീ
രക്ഷിച്ചു കൊൾക. ആമ്മെനിശൊ-
ന- ആകാശങ്ങളിലിരിക്കുന്ന.

ത്രി* കാലജപം.

കർത്താവിന്റെ* മാലാഖാമാർക്ക

---

* ഈ ജപം കാലത്തുമുച്ചക്കും സന്ധ്യ
ക്കും ഭക്തിയൊടുകൂടെ ചൊല്ലണം.

* ശുശ്രൂഷ. * (൩)

മറിയത്തുമ്മായൊടു വചനിച്ചു. റൂ
ഹാദ-കുദിശായാലെ ഉമ്മാ ഗർഭിണി
യായി: നന്മനിറഞ്ഞ മറിയം.
കർത്താവിന്റെ അടിയാട്ടി ഇതാ
ഞാൻ നിന്റെ വചനം പൊ
ലെ എന്നിലാകട്ടെ. നന്മ.
വചനം മാംസമായി ഞങ്ങളിൽ
കൂടിയിരുന്നു. നന്മ.

പ്രാർത്ഥിക്കാം.

സർവ്വെശ്വരാ കർത്താവെ! മാലാ
ഖാ വചനിച്ചതിനാലെ നിന്റെ പു
ത്രൻ ഈശൊ മിശിഹാ മനുഷ്യനായി
എന്നതിനെ അറിഞ്ഞിരിക്കുന്ന ഞങ്ങൾ
അയാളുടെ ദംശപ്പാടെ കഠിനത്വം
* കുരിശിന്റെ പ്രതിയും, ഉയിർപ്പിന്റെ
ടെ മഹിമയെ പ്രാപിപ്പാൻ, അനുഗ്ര
ഹങ്ങളുണ്ടാകണമെന്ന നിന്നൊടു ഞങ്ങൾ അ
പെക്ഷിക്കുന്നു. വിശെഷിച്ച, മരിച്ച
വിശ്വാസികളുടെ ആത്മാവുകൾക്കു
നിന്റെ മനൊഗുണത്താലെ മൊക്ഷ

---

* (൭)

ക്കിൽ അനുകൂലമുണ്ടായിരിക്കട്ടെ, ഞെ
യിനപ്പുകളൊക്കെയും ഞങ്ങളുടെ ക
ൎത്താവാം ഈശൊ മിശിഹായുടെ, തിരു
മുഖത്തെ കണ്ടിച്ച ഞങ്ങൾക്കു നീ തരി
ക. ആമ്മെനീശൊ.

ആകാശങ്ങളിലിരിക്കുന്ന.

* അത്ര്യ പരിഷ്ഠതമ ത്രിത്വസ്തുതി.

ബാവായിക്കും പുത്രനും റൂഹാദക്കു
ദശായിക്കും സ്തുതിയായിരിക്കട്ടെ.
പൂർവ്വത്തിങ്കലും ഇപ്പൊഴും എല്ലാ
പ്പൊഴും അനാദിസദാകാലവുമുള്ള
പൊലെ. ആമ്മെനീശൊ.

ഉഷഃകാലജപം.

ക്രിസ്ത്യാനിയായിരിക്കുന്നവൻ അ
തികാലത്തെ എഴുന്നെറ്റവുടനെ—
എത്രയും ഭക്തിയോടു കൂടെയും + വി
നയത്തൊടു കൂടെയും മുട്ടിന്മെൽ നിന്നു
കൈകൂപ്പി, എക സൎവ്വെശ്വരനെ
നൊക്കി ചൊല്ലെണ്ടുന്നതാകുന്നതു.
തന്നാൽ താനായി അനാദിയായ മാ

---

* (പ്ര) + ഭടകാം.

യി. അശരീരിയുമായി, അളവില്ലാ
ത്ത സകല നന്മസ്വരൂപിയുമായി,
ജ്ഞാനത്താലെയും, ശക്തിയാലെയും
കാരുണ്യത്താലെയും, എങ്ങും വ്യാപി
ച്ചിരിക്കുന്നവനുമായി, സൎവ്വത്തിന്നും
ആദികാരണവുമായി, എല്ലാവൎക്കും
പതിയുമായി. ദുഷ്ടരെ നരകത്തിൽ
തള്ളി നല്ലവൎക്കു മോക്ഷം കൊടുക്കു
ന്നവനുമായി, ബാവാ പുത്രൻ റൂഹാദ
ക്കുദശായെന്ന മൂന്നു ആളുകളായി
വിനാച്ചും ഏക സൎവ്വേശ്വരനുമായി
രിക്കുന്ന എന്റെ കൎത്താവെ! നീമാ
ത്രം സത്യമായ ദൈവമായിരിക്കാ
യാൽ നിനക്കു മാത്രം ചെയ്യാൻ
യോഗ്യമായിരിക്കുന്ന ദൈവാരാധ
നചെയ്യുന്നു.

ഈ വചനങ്ങൾ ചൊല്ലുമ്പൊൾ വ
ലിയ എളിമയോടുകൂടെ സാഷ്ടാം
ഗഞ്ചെയ്തു, മുഴുവൻ മനസ്സോടുകൂടെ
സൎവ്വേശ്വരനെ വണങ്ങേണം.
ഇതിന്റെശേഷം— എഴുന്നേറ്റപതി

ശുദ്ധ ദൈവ മാതാവിനെ നൊക്കി
ച്ചൊല്ലെണ്ടുന്ന പ്രകാരമാകുന്നിത.

സർവ്വെശ്വരനാലെ സൃഷ്ടിക്കപ്പെട്ട
ബുദ്ധിയുള്ള വസ്തുക്കളിൽ വച്ചു ഉൽകൃ
ഷ്ടവളായിരിക്കുന്ന ശുദ്ധ മാർമറി
യമെ! നീ സകല മൊക്ഷവാസിക
ളെക്കാൾ - എണ്ണമില്ലാത്ത നന്മകൾ
കൊണ്ടലങ്കരിക്കപ്പെട്ട, സർവ്വലൊക
രാജ്ഞിയായിരിക്കുന്നതിനാലും, എ
പ്പൊഴും കന്യാസ്ത്രീയുമായി സത്യമാ
യദൈവവും സത്യമായ മനുഷ്യനു
മൊന്നായിരിക്കുന്ന - ഈശൊമിശിഹാ
യിക്കു തിരു മാതാവായിരിക്കകൊ
ണ്ടും, സകല മാലാഖമാരെക്കാളും പുണ്യ
വാളന്മാരെക്കാളും ചെയ്യാൻ യൊഗ്യമു
ള്ള-ആരാധന യൊക്കെക്കാൾ നിന
ക്കു ഞാൻ വിശെഷമായത ചെയ്യുന്നു.

ഈ വചനങ്ങൾ ചൊല്ലുമ്പൊൾ എ
ത്രയും എളിമയൊടുകൂടെ മുട്ടിന്മെൽ
നിന്ന, നെറ്റി നിലത്തു തൊട്ട നമ
സ്കാരഞ്ചെയ്യണം.

ഇതിന്റെ ശെഷം എഴുന്നെറ്റു കാക്കുന്നമാലാഖമാരെയും ശെഷം പനമ ദൈവദൂതന്മാരെയും സകല പുണ്യവാളന്മാരെയും വിചാരിച്ച ചൊല്ലെണ്ടതാകുന്നതു.

സകല മൊക്ഷവാസികളെ! നിങ്ങൾ സർവ്വെശ്വരന്റെ പ്രത്യക്ഷദർശനമായി ദർശിച്ചുകൊണ്ടു തന്റെ പ്രിയപ്പെട്ടവരായിരിക്കകൊണ്ടും നന്മകളിൽ സ്ഥിരപ്പെട്ടവരായിരിക്ക യാലും, നിങ്ങളുടെ ഐശ്വര്യം യൊഗ്യമുള്ള യപെക്ഷയാലെ സർവ്വെശ്വരൻ നിങ്ങളെ കൊണ്ടു ഞങ്ങൾക്കാനെകമുപകാരങ്ങൾ ചെയ്തുകൊണ്ടുവരുന്നതിനാലും തിരുസ്സഭ കല്പിച്ചിരിക്കുന്നപ്രകാരം നിങ്ങൾക്കു തൊത്ര-ആരാധന ചെയ്യുന്നു.

ഈ വചനങ്ങൾ ചൊല്ലുമ്പൊൾ ഐശ്വര്യം എളിമയൊടുകൂടെ തല കുനിഞ്ഞു വഴക്കം ചെയ്യണം.

ഇപ്രകാരമുള്ള-ആരാധനകളെ ാ

കാൎയ്യം ചെയ്യുന്നതിന്റെ വിശെഷം സൎവ്വെ
ശ്വരൻ നമ്മൊടു ചെയ്ത മഹൊപകാരങ്ങ
ങ്ങളെ പ്രതി സ്തുതി ചെയ്യെണ്ടുവതാ
കുന്നതു.

സൎവ്വെശ്വരാ കൎത്താവെ! നീ ഇ
ല്ലാഴ്മയിൽനിന്ന എന്റെ ആത്മാവും
ശരീരവും സൃഷ്ടിച്ചുണ്ടാക്കി ആത്മാ
വും ശരീരവും ജീവിച്ചു വാഴുന്നതി
ന്ന എണ്ണമില്ലാത്ത നന്മകൾ കല്പിച്ചു
തന്നിരിക്കുന്നതിനാലെ നിനക്കു സ്തുതി
യായിരിക്കട്ടെ.

പിന്നെയും എന്നെപ്രതി നീ ഈ ഭൂ
ലൊകത്തിൽ എഴുന്നെള്ളി മനുഷ്യാ
വതാരം ചെയ്തു പാടുപെട്ടു കുരിശിന്മെ
ൽ തറെക്കപ്പെട്ടു കഠിനമായ മരണ
ത്തെ കൈക്കൊണ്ടു ദ്രവിച്ചതിനാലെ, കൎത്താ
വെ നിനക്കു സ്തുതിയായിരിക്കട്ടെ.

ഈ തിരുമെനി പ്രസാദിച്ച ക്രമങ്ങ
ത്താലുണ്ടായ - ഒടുക്കമില്ലാത്ത ഫല
ങ്ങൾ * ജ്ഞാനസ്നാനം വഴിയായിട്ടു

* (ന്ന)

ഇനിക്കു നീരുന്നതിന്നാലെ, കൎത്താ
വെ നിനക്കു സ്തുതിയായിരിക്കട്ടെ.

ജ്ഞാനസ്നാനം കൈക്കൊണ്ടതി
ന്റെശെഷം കൊൻ നിന്നൊടുമറുതക
പലപ്പൊൾ പാപങ്ങൾ ചെയ്താറെ
യും അപ്പാപങ്ങളെക്കൊയും + പാ
പസംകീൎത്തനം മുഖാന്തരമായി - എ
ന്നൊടുപൊറുത്ത, ദൈവീകഭൊജന
മായിരിക്കുന്ന * ദിവ്യകാരുണ്യത്തെക
യും തന്നു, കാക്കുന്നമലാഖമാരെയും
കല്പിച്ചു, ഇവമുതലായ - എണ്ണമില്ലാ
ത്ത ഉപകാരങ്ങൾ ചെയ്തുകൊണ്ടു
വരുന്നതിന്നാലെയും, പ്രത്യെകം ക
ഴിഞ്ഞ- രാത്രിയിൽ എന്റെ- ആ
ത്മാവിനും ശരീരത്തിനും യാതൊരു
വിഘ്നം വരാതെ കാത്തു രക്ഷിച്ചതു
കൊണ്ടും, എന്നാൽ കഴിയും വണ്ണം
ഉപകാരസ്മരണയുള്ള മനസ്സൊടു കൂ
ടെ നിന്നെ വണങ്ങി സ്തുതിച്ചു കൊ
ണ്ടാടുന്നു. കൎത്താവെ നിനക്കു സ്തുതി

+ (൧) * (൨൯)

യായിരിക്കട്ടെ.

ഇതിന്റെ ശെഷം ആവനവന്റെ കു
ന്ന അകത്തെ മുഴുവനും സ്വെച്ശപ്ര
ന്ന കാഴ്ചയായിട്ട കൊടുക്കെണ്ടും പ്ര
കാരം.

സർവ്വലൊകത്തിന്റെയും കർത്താ
വെ! എന്റെ ശരീരവും പഞ്ചേന്ദ്രി
യങ്ങളും ഇവറ്റിന്നുള്ള വശങ്ങളും
എന്റെ ആത്മാവും ഇതിന്നുള്ള ഒര്മ്മ
ബുദ്ധിമനസ്സെന്ന - ഉള്ളിന്ദ്രിയങ്ങളും
ഇനിക്കിരിക്കുന്നവല്ലൊ, എന്നാൽ - ഇ
വയൊക്കെയും നിനക്ക പ്രിയമായി
രിപ്പാൻ ഈശൊമിശിഹാ ചെയ്ത പു
ണ്യങ്ങളൊട കൂടെയും സകല പുണ്യ
വാളന്മാരുടെ കൈക്കൊള്ളപ്പെട്ട കാ
ഴ്ചകളൊട കൂടെയും നിനക്ക ഞാൻ
കാഴ്ചവെക്കുന്നു. ആയത കൊണ്ടി
പ്പൊൾ തുടങ്ങിമരണ പര്യന്തം ഞാൻ
ചെയ്യുന്ന പുണ്യങ്ങളൊക്കെയും നി
നക്ക സ്തുതിയായിട്ട ഞാൻ കാഴ്ച
വെക്കുന്നു.

ഇതിന്റെശെഷം ദൈവസഹാ
യവും അനുഗ്രഹവും അപെക്ഷിക്കെ
ണ്ടും പ്രകാരം.

സൎവ്വെശ്വരനാ സ്വാമി! അളവി
ല്ലാത്ത ശക്തിയും, അന്തമില്ലാത്ത
ജ്ഞാനവും അറുതിയില്ലാത്ത കൃപാ
കടാക്ഷവും, നിനക്കുണ്ടായിരിക്കയാ
ൽ ഈശൊ മിശിഹായുടെ തിരു മുഖ
ത്തെക്കുറിച്ചു, അടിയനും തിരുസ്സഭ
യ്ക്കും സകലമാനജനങ്ങൾക്കും, വെ
ണ്ടുന്ന സഹായങ്ങൾ ചെയ്യുന്നതു മെ
ന്നി, പ്രത്യെകം ഇന്നുകൊൻ പാപ
ങ്ങൾ ചെയ്യാതെ പുണ്യവഴിയിൽ
സൂക്ഷത്തൊടുകൂടെ വ്യാപരിപ്പാൻ
അനുഗ്രഹഞ്ചെയ്യണമെ.

ൟ ജപം തീൎന്നവുടനെ ഭക്തിയൊ
ടു കൂടെ ആകാശങ്ങളിലിരിക്കുന
ന്നും ! നന്മനിറഞ്ഞ മറിയവും വി
ശ്വാസപ്രമാണവും ചൊല്ലുക.

ആകാശങ്ങളിലിരിക്കുന്ന
മന്ത്രം.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങ
ളുടെ ബാവാ! നിന്റെ തിരുനാമം ശുദ്ധ
മാകപ്പെടണം, നിന്റെ രാജ്യം വ
രണം. നിന്റെ തിരുമനസ്സ — ആകാ
ശത്തിലെപ്പോലെ ഭൂമിയിലുമാക
ണം, ഞങ്ങളുടെ — അന്നന്നെയപ്പം ഞങ്ങ
ൾക്കിന്നു തരിക, ഞങ്ങളുടെ †
കടക്കാരൊട ഞങ്ങൾ പൊറുക്കുന്ന
പൊലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങ
ളൊടു പൊറുക്കാ, പരീക്ഷയിൽ ഞ
ങ്ങളെ പ്പൂകിക്കല്ലെ, വിശെഷിച്ചു
തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിച്ചു
കൊൾക. ആമ്മെൻ ഈശൊ.

നന്മനിറഞ്ഞമറിയം
മന്ത്രം.

നന്മനിറഞ്ഞ മറിയമെ! നിനക്കു
സ്വസ്തി. കർത്താവു നിന്നോടു കൂടെ
സ്ത്രീകളിൽ വാഴ്ത്തിക്കപ്പെട്ടവൾ നീയെ

---

† ഇതിൽ കടം കുറ്റമെന്നർത്ഥം.

നിൻെറ വയററിൻ ഫലമായ- ഈ ശൊവാഴ്ത്തപ്പെട്ടതാകുന്നു. ശുദ്ധമാന മറിയമെ തമ്പുരാൻെറ- അമ്മെ! ദൊഷകാരരായ ഞങ്ങൾക്കവെണ്ടി- ഇപ്പൊഴും ഞങ്ങളുടെ മരിപ്പുനെരത്തും തമ്പുരാനൊട അപെക്ഷിച്ചു കൊൾക.

ആമ്മെൻ മിശിഹാ.

വിശ്വാസപ്രമാണം

വിശ്വസിക്കുന്നെൻ, ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വത്തും കഴിയുന്നവ തമ്പുരാനെയും വിശ്വസിക്കുന്നെൻ, തൻെറ- ഏകപുത്രൻ, ഞങ്ങളുടെ കർത്താവ- ഈശോമിശിഹായെയും വിശ്വസിക്കുന്നെൻ ഇപ്പുത്രൻ ശുദ്ധമാന റൂഹാദക്കുദശായാലെ ജനിക്കാഉട്ട കന്യാസ്ത്രീ മറിയത്തിൽ നിന്നുപിറന്ന പന്തിയൊസ്പീലാത്തൊസിൻെറ നാളുകളിൽ പീഡപ്പെട്ട കുരിശിന്മെൽ തറെക്കപ്പെട്ട മരിച്ച- അടക്കപ്പെട്ടപാതാളങ്ങളിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽ നിന്ന മൂന്നാന്നാൾ ഉയിർക്ക

ആകാശങ്ങളിൽ കരെറി സൎവ്വതും
കൈയാണ്ട ബാവാതമ്പുരാന്റെ വ
ലത്തു ഭാഗത്തിരിക്കുന്നു, അവിടെനി
ന്നു- ഉയിരൊടെയും മരിച്ചവരെയും
വിധിപ്പാൻ വരുമെന്നും വിശ്വസിക്കു
ന്നെൻ. ശുദ്ധാത്മാവു റൂഹാദക്കുദശായെ
ല്ലാം വിശ്വസിക്കുന്നെൻ, ശുദ്ധ. കാ
തൊലിക്കാപ്പള്ളിയും പുണ്യവാളന്മാ
രുടെ- ഒരുമ്പാടും, പിഴകളുടെ പൊറു
തിയും, മരിച്ചവരുടെ- ഉയിൎപ്പും, എ
ന്നെന്നെക്കും ഉള്ള ആയുസ്സും ഉണ്ടെന്നു
വിശ്വസിക്കുന്നെൻ. ആമ്മെൻ ഈശൊ

വെദപ്രമാണങ്ങൾ പത്തും തിരു
സ്സഭയുടെ കല്പനകൾ അഞ്ചും, ചാ
സ്ത്രത്തിലുള്ള പാപ [illegible]ങ്ങളെ
വിചാരിച്ചുകൊണ്ടും.

വെദപ്രമാണങ്ങൾപത്തു.

സൎവ്വെശ്വരൻ നമ്മൊട- അരുളി
ചെയ്തിരിക്കുന്ന വെദ പ്രമാണങ്ങൾ
പത്ത അതിൽ മുൻപൊന്നാമത.
നിന്റെ കൎത്താവായിരിക്കുന്ന ദൈ

വം ഞാനാകുന്നു, എന്നെയല്ലാതെ മ
റെറാരു ദൈവം നിനക്കുണ്ടാകരുതു.

രണ്ടാമതു—. ദൈവത്തിന്റെ തിരു
നാമത്തെ വൃഥാ + സ്വീകരിക്കാതെ.

മൂന്നാമതു—. ഞായറാഴ്ചകളും ശെ
ഷം പെരുനാളുകളും ശുദ്ധമായ്ക്കൊ
ണ്ടുകൊൾക.

നാലാമതു—. മാതാ പിതാക്കന്മാ
രെ ബഹുമാനിച്ചുകൊൾക.

അഞ്ചാമതു—. കൊല്ലാതെ.

ആറാമതു—. വ്യഭിചാരം ചെ
യ്യാതെ.

എഴാമതു—. കക്കാതെ.

എട്ടാമതു—. കള്ളസ്സാക്ഷി പറയാ
തെ.

ഒമ്പതാമതു—. അന്യ ഭാൎയ്യമാരെ
ആഗ്രഹിക്കാതെ.

പത്താമതു—. അന്യ വസ്തുക്കൾ
ആഗ്രഹിക്കാതെ.

+ കനിക്കല്ലാതാക്കി ചെയ്യാതെ

ഇപ്പത്തു പ്രമാണങ്ങളും രണ്ടു പ്രമാണങ്ങളിലടങ്ങും. മുൻപൊന്നാമത.— എല്ലാവറ്റിനെക്കാൾ ദൈവത്തെ സ്നേഹിക്കുന്നത.

രണ്ടാമത.— തന്നെത്താൻ സ്നേഹിക്കുന്നതുപൊലെ അന്യവരെയും സ്നേഹിക്കുന്നത. ആമ്മെൻ ഈശൊ.

തിരുസ്സഭയുടെ കല്പനകൾ.

അഞ്ചു.

ഒന്നാമത.— ഞായറാഴ്ചകളിലും കടമുള്ള പെരുനാൾകളിലും മുഴുപ്പൂജ കാണുന്നത.

൨ മത.— ആണ്ടിലൊരിക്കലെങ്കിലും നല്ലപാപസംകീൎത്തനം ചെയ്യുന്നത.

൩ മത.— * പെസഹാ പെരുനാളുകളിൽ പാപസംകീൎത്തനം ചെയ്തു ദിവ്യകാരുണ്യം കൈക്കൊള്ളുന്നത.

൪ മത.— വെള്ളി ശനിയാഴ്ചകൾ നൊയമ്പിന്റെകാലം മുതലായ നാളുകളിൽ ശുദ്ധ ഭൊജനവും, ഒരു

---

* (൩൫)

ദൈവത്തിന്റെ നാളുകളിൽ ഒരുനന്മ
നവ്യം അനുസരിക്കുന്നതു.

ഓമ്മ.—വിലക്കപ്പെട്ട കാലത്തിലും കുറഞ്ഞ പ്രായത്തിലും വിഘ്നമുള്ള സംബന്ധത്തിലും കല്യാണംചെയ്‌വതിന്നു വിലക്കുന്നു. ആമ്മെനീശോ.

ഇതിന്റെശേഷം തന്റെ പാപങ്ങളെ കുറിച്ചു, ദുഃഖിച്ചു ഉത്തമമനസ്താപ മന്ത്രം ചൊല്ലണം.

ഉത്തമമനസ്താപമന്ത്രം.

ഉള്ളവസ്തുക്കൾ ഒക്കെക്കാൾ സ്നേഹിക്കപ്പെടുവാൻ യോഗ്യനാകുന്ന എന്റെ തമ്പുരാനെ! എല്ലാവറ്റിനെക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നതിനാലെ, അററമില്ലാത്തഗുണമാകുന്ന നിന്നോടു മറുത്തു പിഴച്ചതുകൊണ്ടു എന്റെ മനസ്സ ഒക്കെയോടുംകൂടെ ഞാൻ പരപ്പെട്ടുകൊണ്ടേൻ, സങ്കടങ്ങൾ ഒക്കെയും അനുഭവിക്കുന്നതിനെക്കാൾ ത

ന്നൊട്ടുപദ്രവിച്ചതുകൊണ്ടു ദുഃഖിക്ക
ന്നെൻ, വെദിക്കുന്നെൻ, ആവലാധി
പ്പെടുന്നെൻ. എന്നാൽ തന്റെ ശുദ്ധ
മാന നന്മയുടെ സഹായത്താലെ ഇ
നിമെലിൽ പിഴയ്ക്കയില്ലന്നുറച്ചു, പി
ഴെപ്പാനുള്ള ഉതകെപ്പുകളെയും ഉ
പെക്ഷിച്ചു, വല്ലൊരു ദൊഷം ഞാൻ
ചെയ്യുമ്മുൻപെ മരിപ്പാൻ ആസ്ഥയാ
യിരിക്കുന്നെൻ. ആമ്മെനീശൊ.

ഇതിന്റെ ശെഷം കൎത്താവിനെ
നൊക്കി വിശെഷ പ്രതിജ്ഞ ചെ
യ്യെണ്ടതാകുന്നതു.

സൎവ്വെശ്വരനാ കൎത്താവെ! നീയ
രുളിച്ചെയ്ത വെദപ്രമാണത്തിന്നു ത
ക്കവണ്ണം സൂക്ഷത്തൊടു കൂടെ നട
പ്പാൻ-ഞാടിയൻ നിശ്ചയിച്ചിരിക്ക
കൊണ്ടു എന്നിലുള്ള- ഞാഹംകാരം,
കൊപം മുതലായ വിശെഷദൊഷ
ങ്ങളെ നീക്കിഞാനെകം പുണ്യങ്ങൾ-
ഇന്നു ചെയ്തു, വചനത്താലെയും ക്രി

യയാലെയും എളിമ ക്ഷമ † വിര
ക്തി മുതലായ പുണ്യങ്ങളെ സംപാ
ദിപ്പാൻ പ്രയാസപ്പെടുന്നുണ്ട.

എന്റെ ശക്തികൊണ്ട- ഇവയൊ
ന്നിന്നും ഞാൻ പാത്രമല്ലാ:അത്തിനാൽ
പരിശുദ്ധ ദൈവമാതാവെ! നിന്റെ,
പുത്രനൊട - ഇനിക്ക വെണ്ടി യപെ
ക്ഷിച്ചുകൊൾക. ആമ്മെനീശൊ.

എന്നെ കാക്കുന്ന മാലാഖായെ പു
ണ്യ വഴിയിൽ എന്നെ നടത്തികൊൾ
ക.

എന്റെ പെരിന്നു കാരണമായിരി
ക്കുന്ന പുണ്യവാള ഞാനും ഇഹലൊക
ത്തിൽ നിന്നെപ്പൊലെ ഭക്തിയൊട
കൂടെ ദൈവത്തെ സെവിപ്പാനും നി
ന്നൊട കൂടെ പരലൊകത്തിൽ അ
ന്നെ കണ്ട സ്തുതിച്ചു കൊണ്ടാടുവാനും,
വെണ്ടുന്ന ദൈവസഹായവും മനഗു
ണവുമുണ്ടാകുവാൻ ഇനിക്ക വെണ്ടി യ

---

† വിരക്തി, ശരീര സംബന്ധമായ
സ്നെഹമുപെക്ഷിക്ക.

ഭക്ഷിച്ചുകൊൾക. ആമ്മെനിശോ-

ഇതിന്റെ ശേഷം കഴിയുമെങ്കിൽ അവരവരുടെ ഭക്തിക്കു തക്കവണ്ണമുള്ള ജപങ്ങൾ ഇവിടെ ചെയ്യുന്നതു ഉത്തമമാം.

ഈശോമിശിഹായുടെ തിരുനാമ
ത്തിന്റെ പ്രാൎത്ഥന.

കൎത്താവെ—അനുഗ്രഹിക്ക.

മിശിഹായെ—അനുഗ്രഹിക്ക.

കൎത്താവെ—അനുഗ്രഹിക്ക.

മിശിഹായെ ഞങ്ങളുടെ പ്രാ
ൎത്ഥന കേൾക്ക.

മിശിഹായെ ഞങ്ങളുടെ പ്രാ
ൎത്ഥന കൈക്കൊൾക.

ആകാശങ്ങളിലിരിക്കുന്ന ബാ
വാ തമ്പുരാനെ.

ഭൂലോകരക്ഷയുടെ പുത്രൻ ത
മ്പുരാനെ.

റൂഹാദക്കുദശാ തമ്പുരാനെ.

ഞങ്ങളെ ഒട്ടന്നു—അനുഗ്രഹിക്ക.

ഏകസ്വരൂപമായിരിക്കുന്ന ശുദ്ധമാന ത്രിത്വമെ.

നിത്യപിതാവിന്റെ തിരുകുമാരനായിരിക്കുന്ന— ഈശൊ തമ്പുരാനെ.

പിതാവിന്റെ പ്രകാശമായിരിക്കുന്ന— ഈശൊതമ്പുരാനെ.

നിത്യപ്രകാശത്തിന്റെ കതിരായിരിക്കുന്ന ഈശൊതമ്പുരാനെ.

ഏറ്റതിയില്ലാത്ത മഹിമയുള്ള രാജാവായിരിക്കുന്ന ഈശൊ തമ്പുരാനെ.

നീതി സൂര്യനായിരിക്കുന്ന ഈശൊതമ്പുരാനെ.

പരിശുദ്ധ കന്നി മറിയത്തിന്റെ കുമാരനായ ഈശൊ തമ്പുരാനെ.

ഐശ്വര്യം സ്നേഹത്തിന്നു യൊഗ്യമുള്ള ഈശൊതമ്പുരാനെ.

ആശ്ചര്യത്തിന്ന ഏക വിഷയമായിരിക്കുന്ന ഈശൊതമ്പുരാനെ.

ഞങ്ങളെ അനുഗ്രഹിക്കണമെ.

അധിക വല്ലഭമുള്ള രക്ഷിതാവായ ഈശോ കൎത്താവെ.

വരുവാനിരിക്കുന്ന ഭാഗ്യങ്ങൾക്കു കാരണനായിരിക്കുന്ന ഈശോ കൎത്താവെ.

പരമ-ആലോചനകളുടെ ദിവ്യ ദൂതനായിരിക്കുന്ന- ഈശോ കൎത്താവെ.

എത്രയും ശക്തിയുള്ളവനായ- ഈശോ കൎത്താവെ.

എത്രയും ക്ഷമയുള്ളവനായ ഈശോ കൎത്താവെ.

എത്രയും ശ്രവണമുള്ള ഈശോ കൎത്താവെ.

ഹൃദയത്തിന്നുള്ള എളിമയും മധുരഗുണവുമുള്ള ഈശോ കൎത്താവെ.

കന്യാവ്രതക്കാരെ സ്നേഹിക്കുന്ന ഈശോ കൎത്താവെ.

ഞങ്ങളുടെ ആത്മാവിന്റെ രമണ

പാലനായിരിക്കുന്ന ഈശൊ തമ്പു
രാനെ.

സമാധാനത്തിന്റെ ദൈവമാ
യ ഈശൊ തമ്പുരാനെ.

ആയുസ്സിന്നു കാരണനായിരിക്കു
ന്ന-ഈശൊ തമ്പുരാനെ.

സകല പുണ്യങ്ങൾക്കും മാതൃക
യായിരിക്കുന്ന ഈശൊ തമ്പുരാനെ,

ആത്മാവുകളെ രക്ഷിക്കുന്നതി
ന്മെൽമഹാ അപെക്ഷയുള്ള ഈശൊ
തമ്പുരാനെ.

ഞങ്ങളുടെ ദൈവമായിരിക്കു
ന്ന-ഈശൊ തമ്പുരാനെ.

ഞങ്ങളുടെ സങ്കെതയിടമായി
രിക്കുന്ന-ഈശൊ തമ്പുരാനെ.

അഗതികളുടെ പിതാവായി
രിക്കുന്ന-ഈശൊ തമ്പുരാനെ.

വിശ്വാസക്കാരുടെ നിക്ഷെപ
മായിരിക്കുന്ന ഈശൊതമ്പുരാനെ.

നല്ല ഇടയനായിരിക്കുന്ന - ഈ
ശൊ തമ്പുരാനെ.

സത്യപ്രകാശമായിരിക്കുന്ന ഈശൊ തമ്പുരാനെ.

നിത്യജ്ഞാനമായിരിക്കുന്ന ഈശൊ തമ്പുരാനെ.

അറുതിയില്ലാത്ത നന്മസ്വരൂപിയായിരിക്കുന്ന ഈശൊ തമ്പുരാനെ.

ഞങ്ങളുടെ ജീവസ്സും പട്ടാങ്ങെയും വഴിയുമായിരിക്കുന്ന ഈശൊ തമ്പുരാനെ.

മാലാഖമാരുടെ സന്തോഷമായിരിക്കുന്ന ഈശൊ തമ്പുരാനെ.

ബാവാമ്മാരുടെ രാജാവായിരിക്കുന്ന ഈശൊ തമ്പുരാനെ.

ദീർഘദർശികൾക്കു ജ്ഞാനം കൊടുക്കുന്ന ഈശൊ തമ്പുരാനെ.

ശ്ലീഹന്മാർക്കു ഗുരുവായ ഈശൊ തമ്പുരാനെ

എവൻഗേലിസ്ഥന്മാർക്കു ബൊധകനായ ഈശൊ തമ്പുരാനെ.

വെദസാക്ഷികൾക്കു ഉറപ്പായ ഈശൊ തമ്പുരാനെ.

വന്ദനന്മാരുടെ പ്രകാശമാ
യ-ഈശൊ തമ്പുരാനെ.

വിരക്തകന്മാരുടെ വെടിപ്പാ
യ-ഈശൊ തമ്പുരാനെ.

സകല പുണ്യവാളന്മാൎക്കു മു
ടിയായ-ഈശൊ തമ്പുരാനെ.

ഞങ്ങളെ ഒക്കെ നീ-
അനുഗ്രഹിക്ക.

ദയാപരനായിരിന്നു, കൎത്താവെ
ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്ക.

ദയാപരനായിരിന്നു, കൎത്താവെ
ഞങ്ങളുടെ പ്രാൎത്ഥന നീ കെൾക്ക.

സകല പാപങ്ങളിൽനിന്നു,
കൎത്താവെ നിന്റെ കോപ
ത്തിൽനിന്നു,
പിശാചിന്റെ ഉപായത
ന്ത്രങ്ങളിൽ നിന്നു,
മൊഹ-ആശയിൽനിന്നു,
എന്നന്നെക്കുമുള്ള മരണത്തി
ൽനിന്നു,
ഞങ്ങൾക്കു നീ തരുന്ന ധൎമ്മ
വിചാരങ്ങളെ പ്രമാണിക്കാതെ
യിരിക്കുന്ന ദുൎഗ്ഗുണങ്ങളിൽ നിന്നു,

കൎത്താവെ ഞങ്ങളെ നീ രക്ഷിക്ക.

നിന്റെ മാനുഷാവതാരത്തി
ന്റെ പരമരഹസ്യത്തെ കുറിച്ചു,
എളിമയാകപ്പെട്ട നിന്റെ പിറ
വിയെക്കുറിച്ചു,
കൌതുകമുള്ള നിന്റെ ബാല
പ്രായത്തെ കുറിച്ചു,
വെദനപ്പെട്ട നിന്റെ † ചെരുദ
നാചാരത്തെ കുറിച്ചു,
പുണ്യപ്പെട്ട നിന്റെ ദിവ്യ വ്യാപാ
രത്തെക്കുറിച്ചു,
ഞങ്ങളെ പ്രതിയുള്ള നിന്റെ
പ്രയാസത്തെയും * പ്രയാണങ്ങ
ളെയുംകുറിച്ചു,
ദുഃഖപ്പെട്ട നിന്റെ ആവലാധി
യെയും, ചോരവിയപ്പിനെയും കു
റിച്ചു,
നിന്റെ സ്ലീവായെയും ഭാഗ്യ
പ്പാടുകളെയുംകുറിച്ചു,
നിന്റെ ഉപദ്രവങ്ങളെയും
ഞെരിക്കങ്ങളെയും കുറിച്ചു.

കൎത്താവെ ഞങ്ങളെ രക്ഷിക്ക.

---

† (ഫന) * വഴിയാത്ര

നിന്റെ തിരു മരണത്തെയും അടക്കിപ്പിനെയും കുറിച്ചു,

മഹിമയുള്ള നിന്റെ ഉയിൎപ്പു കുറിച്ചു,

ആശ്ചൎയ്യമായ നിന്റെ * ആരോഹണത്തെ കുറിച്ചു,

നിന്റെ സന്തോഷത്തെയും, മഹിമയെയും കുറിച്ചു,

രക്ഷിപ്പിക്കുന്നവനായ റൂഹാദക്കുദശായുടെ വരവെ കുറിച്ചു,

വിധിയുടെ ദിവസത്തിൽ

ഭൂലോക ദോഷഹീനഞ്ചെയ്യുന്ന ദൈവ ചെമ്മരിക്കുട്ടിയായിരിക്കുന്ന ഈശോമ്മിശിഹാനെ,

കൎത്താവെ ഞങ്ങളുടെ ദോഷങ്ങൾ നീ പൊറുക്ക.

കൈകളെ ഉയൎത്തുക.

ഭൂലോകദോഷഹീനഞ്ചെയ്യുന്ന ദൈവ ചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോമ്മിശിഹാനെ!

കൎത്താവെ ഞങ്ങളുടെ പ്രാൎത്ഥന

* കരേറുക.

നീകെൾക്കാ.

ഭൂലൊക ദൊഷ ഹീനങ്ങളെല്ലൂന്ന
ദൈവ ചെമ്മരിയാട്ടിൻ കുട്ടിയായി
രിക്കുന്ന ഈശൊ കൎത്താവെ.

കൎത്താവെ ഞങ്ങളെ കൂട്ടി- അനു
ഗ്രഹിക്കാ.

മിശിഹായെ ഞങ്ങളുടെ പ്രാൎത്ഥ
ന നീ കെൾക്കാ.

മിശിഹായെ ഞങ്ങളുടെ പ്രാൎത്ഥ
ന നീ കൈക്കൊൾക.

മുൻവൻ { ഇപ്പൊഴുമെപ്പൊ
ഴുമെന്നെന്നേക്കും.

സഹായക്കാരർ { കൎത്താവിന്റെ
തിരുനാമം വാ
ഴ്ത്തപ്പെടട്ടെ.

പ്രാൎത്ഥിക്കാ.

ഞങ്ങളുടെ ദിവ്യരക്ഷകനും കൎത്താ
വുമായിരിക്കുന്ന ഈശൊ മിശിഹായെ!
ഞങ്ങളുടെ ആത്മത്തെയും - ശരീര
ത്തെയും ഒന്ന ബുദ്ധി മനസ്സിനെയും ഞ
ങ്ങൾക്കുള്ള സകലത്തെയും നിനക്കാ

കാണിക്കയായിട്ടവെക്കുന്നു. ഞങ്ങളു
ടെ നിരൂപണവചനം പ്രവൃത്തികൾ
കൊണ്ടെല്ലാവനും നിന്നെ ഞങ്ങൾ സ്നേ
ഹിപ്പാനും, നിന്റെ ദിവ്യ സ്നേഹത്തി
ന്റെ-അഗ്നി ഞങ്ങളുടെ ഹൃദയത്തിൽ
കത്തി ജ്വലിപ്പാനും കർത്താവെ ഞ
ങ്ങളോടു നീ-അനുഗ്രഹിക്ക, ഇതു മാ
ത്രം ഞങ്ങൾക്കു സമ്പൂർണ്ണം. ബാവാ
യോടും റൂഹാദക്കുദശായോടും സദാ
കാലം ജീവിച്ചു വാണിരിക്കുന്നവനും,
രാജ്യപരിപാലനം ചെയ്യുന്നവനുമാ
യിരിക്കുന്ന കർത്താവെ. ആമ്മെനീശൊ.

രാജകന്യകമന്ത്രം

രാജകന്യകെ മനഗുണത്തിനുടെ
അമ്മെ! നിനക്കു സലാം, ഞങ്ങളു
ടെ ആയുസ്സും മനഗുണവും മധുരവും
ശരണവും ആശ്രയവും ആകുന്നതു നീ
യെ നിനക്കു സലാം ബലസിഭ്രാശ്യ
പ്പെട്ടു നടക്കുന്ന ഹവ്വായുടെ മക്കൾ ഞ
ങ്ങൾ നിന്നെ വിളിക്കുന്നു, കണ്ണീരാ
കുന്ന- ഈസ്ഥലത്തിൽ നിന്നു ഉഴന്നു ക

ത്ഥങ്ങളെക്കൊണ്ടു നിന്റെ പക്കൽ നെടു
വീപ്പിടുന്നു, എന്നാൽ ഞങ്ങൾക്ക വെ
ണ്ടി- അപെക്ഷിക്കുന്ന-അമ്മെ, ശുദ്ധ
മാന നിന്റെ മനഃഗുണമുള്ള കണ്ണു
കൾകൊണ്ടു ഞങ്ങളെ പിറവിൽ തി
രിഞ്ഞു നൊക്കണമെ, വിശെഷിച്ചു-
ഈ- അലസി ഭാഗം കടന്നതിന്റെ
ശെഷം ശുദ്ധ-മാന നിന്റെ വയ
റ്റിന്റെ വാഴ്ത്തപ്പെട്ട ഫലമായ ഈശൊ
യെ ഞങ്ങൾക്ക കാട്ടണമെ, അയ്യൊ
കനിവും മനഃഗുണവും മധുരവും ശംന്ന
ണവും ആശ്രയവും ആകുന്ന ത്രു നിയെ,
എപ്പൊഴും കന്യാസ്ത്രീമറിയമെ,

ഴ.-- ഈശൊമിശിഹായുടെ പറവഞ്ഞൊ
പ്പിന്നു ഞങ്ങൾ യൊഗ്യരാകുവാൻ

സ.-- സർവ്വെശ്വരന്റെ പരിശുദ്ധമാ
താവെ ഞങ്ങൾക്കവെണ്ടിയപെ
ക്ഷിക്ക.

പ്രാർത്ഥിക്ക.

സർവ്വശക്തിയുള്ളവനും നിത്യനുമാ
യിരിക്കുന്ന സർവ്വെശ്വരാ! ഭാഗ്യവതി

ടായിരിക്കുന്നമറിയത്തിന്റെ ആത്മാ
വും ശരീരവും റൂഹാദക്കുദശായുടെ -
അനുഗ്രഹത്താലെ നിന്റെ ദിവ്യപു
ത്രന്റെ യൊഗ്യമായ പീഠമായിരിപ്പാൻ
പൂജീകമായി നീ നിയമിച്ചുവല്ലൊ,
ഒദിവ്യമാതാവെ നിന്നെക്കുറിച്ചു സന്തൊ
ഷിക്കുന്ന ഞങ്ങൾ- ഇവരുടെ അനുഗ്ര
ഹമുള്ള- അപെക്ഷയാലെ- ഈലൊക
ത്തിലുള്ള സകല- ആപത്തുകളിലും
നിത്യമരണത്തിലും നിന്നു രക്ഷിക്കപ്പെടു
വാൻ കൃപയായിരിക്കണമെ. ഒയി
നവൃക്കളെക്കായംകെങ്ങളുടെ കൎത്താ
വെ- ഒശൊമിശിഹായുടെ തിരുമു
ഖെക കവിച്ചു ഞങ്ങൾക്കു നീ തരികിക.
ആമ്മെനീശൊ.

വിശ്വാസത്തിന്റെ പ്രകാരം.

ആരംഭമില്ലാത്ത പൈതൃ ജ്ഞാന
വും- ആരംഭമില്ലാത്ത പട്ടാങ്ങെയുമാകു
ന്നതമ്പുരാൻ, തന്റെ ദിവ്യ രഹസ്യ
ങ്ങളെ ശുദ്ധ- സഭയ്ക്ക പരസ്യമാ
ക്കിയതിനെ കൊണ്ടും, ഒ പഴയും വി

ശു

ശ്വസിപ്പാൻ ശുദ്ധ-സഭതന്നെ പഠി
പ്പിക്കുന്നതിനാലെയും, ഒരുവൻ തമ്പു
രാൻ-ഉണ്ടെന്ന കൊണ്ടും-ഈ തമ്പു വിശ്വ
സിക്കുന്നെൻ ഇതതമ്പുരാൻ സർവ്വജ്ഞ
നിധിയും സർവ്വം സൃഷ്ടിച്ചുണ്ടാക്കി
വാഴുന്ന-ഉടയനാഥനും-ആകുന്നവെ
ന്നും, ഇതതമ്പുരാനിൽ തന്നെ-അദ്രയം
ശരിയായിരിക്കുന്ന മൂന്നാളുകൾ പെ
ല്പിയെയുണ്ടെന്നും, അവരുടെ തിരുനാമ
മായത, ബാവായും പുത്രനും റൂഹാദക്കു
ദിശായും. ഈ മൂവരിൽ പുത്രൻ തമ്പു
രാൻ മാനുഷനായ്പിറന്നു, നമ്മുടെ ക
ൎക്കാവ-ഈശൊമിശിഹാ താനാകുന്ന
വെന്നും, ദൊഷത്തിൽ നിന്ന നമ്മെ ര
ക്ഷിപ്പാനും നമുക്ക മൊക്ഷം തരുവാ
നും പാടുപെട്ട, കുരിശിന്മെൽ തറിക്ക
പ്പെട്ട മരിച്ചു, മരിച്ചവരുടെ-ഇടയിൽ
നിന്ന- ഉയിൎക്ക ആകാശത്തിലെഴു
ന്നെള്ളി അവിടന്ന നല്ലവൎക്ക ഏ
ന്നെക്കുമുള്ള ആകാശമൊക്ഷവും ക
ഞ്ഞവൎക്ക എന്നന്നെക്കുമുള്ള നരകവും

കല്പിപ്പാനായി ഇന്തിയവന്നെയും അവി
ടന്നെയും വിധിപ്പാൻ വരുമെന്നും
വിശ്വസിക്കുന്നേൻ. വിശേഷിച്ചു ക
ന്നുമ്പാൽ ഞങ്ങളിൽ ചെയ്യുകിന്നാലെ
ശുദ്ധ-കാതൊലിക്കാപ്പള്ളി വിശ്വ
സിക്കുന്നതും പഠിപ്പിക്കുന്നതുമെല്ലാം
കൂടെ വിശ്വസിക്കുന്നേൻ. ശ
ുദ്ധമാന വിശ്വാസത്തിൽ ജീവി
പ്പാനും മരിപ്പാനും വഴിയെ ഉ
ച്ചിരിക്കുന്നേൻ. ആശ്രയമെന്നിശര

ണത്തിന്റെ പ്രകാരം.

എന്റെ തമ്പുരാനെ! തെറ്റമി
ല്ലാത്തവനെന്നുമെപ്പവും സർവ്വ വശമ്പം
കനിക്കുണ്ടാകുന്നതിനെ കൊണ്ടു, ഞ
ങ്ങളുടെ കർത്താവ ഈശോമിശിഹാ
യുടെ യോഗ്യങ്ങളാലെ എന്റെ
ദോഷങ്ങളുടെ പൊറുതിയും, ആകാ
ശത്തിലെ മോക്ഷവും, ഇതിക്കു ത
മെന്ന വഴിയെ ശരണമായിരിക്കുന്നു.
എന്നാൽ മോക്ഷം നേടുവാൻ താൻ
കല്പിച്ച നല്ല പ്രവൃത്തികളെല്ലാക്കായും

തന്റെ സഹായത്താലെ ഞാൻ-ചെ
യ്യുമെന്നുറച്ചിരിക്കുന്നു. ആമ്മെനീശൊ.

ഉപവിയുടെ പ്രകാരം

എല്ലാ സ്നെഹത്തിന്നും യൊഗ്യനാ
യിരിക്കുന്ന- ആദിയുമറുതിയുമില്ലാത്ത
നന്മയാകുന്ന എന്റെ തമ്പുരാനെ! എ
ല്ലാവറ്റിനെക്കാൾ നിന്നെ ഞാൻ സ്നെ
ഹിക്കുന്നു. നിന്നൊടു മറ്റത്ത- ഒരെറം
ഞാൻ ചെയ്യുമ്മുൻപെ വസ്തുവൊ
ക്കൊയും എന്റെ ആയുസ്സും കൂടെ ഉ
പെക്ഷിപ്പാൻ ആസ്ഥയായിരിക്കുന്നെ
ൻ വിശെഷിച്ച- എന്നെത്തന്നെ ഞാൻ
സ്നെഹിക്കുന്ന പൊലെ തന്നെ പ്രതി
ശെഷമുള്ളവനെയും സ്നെഹിപ്പാൻ മന
സ്സായിരിക്കുന്നെൻ. ആമ്മെനീശൊ.

ഒട്ടുകാരം ഞവനവരുടെ ഭക്തിക്ക
തക്ക ഞവപെക്ഷകൾ ചൊല്ലി ഞവ
സാനിപ്പിക്കാണും.

ഉഷർകാലജപാവസാനം.

ഭക്ഷണത്തിന്നു മുൻപിൽ ഞ
പെക്ഷിക്കൊണ്ടും ആശീർവ്വാദം.

സൎവ്വേശ്വരനാ കൎത്താവെ! എന്നെയും നിന്റെ ഞങ്ങളാലെ ഞാൻ ഭക്ഷിപ്പാൻ തുടങ്ങുന്ന ഭക്ഷണങ്ങളെയും — എന്റെ കൎത്താവ — ഈശോമിശിഹായുടെ തിരുമുഖത്തെ കുറിച്ച — ആശീർവദിക്ക. ആമ്മെനീശൊ.

ഭക്ഷണത്തിന്റെ ശേഷം.

ഉപകാരസ്മരണസ്തുതി.

നിത്യനം രാജ്യപരിപാലനംചെയ്യുന്നവനുമായിരിക്കുന്ന സൎവ്വവല്ലഭമുള്ള സൎവ്വേശ്വരാ! ഞാൻ — ഇന്നിക്കു തന്നരുളിയ ഭ — ആഹാരങ്ങളെ പ്രതിയും എന്നൊടു ചെയ്തു വരുന്ന സകല വ്യപകാരങ്ങൾക്കായിട്ടും നിനക്കു ഞാൻ ഉപകാരസ്മരണ സ്തുതി ചെയ്യുന്നു. ആമ്മെനീശൊ.

കൎത്താവെ യനുഗ്രഹിക്ക.
മിശിഹായെ യനുഗ്രഹിക്ക.
കൎത്താവെ യനുഗ്രഹിക്ക.

ആക. —

ഇപ്പൊഴും എപ്പൊഴും കാൎത്ത

വിന്റെ തിരുനാമം വാഴ്ത്തപ്പെടട്ടെ.

പ്രാൎത്ഥിക്ക.

ഞങ്ങൾക്കുപകാരം ചെയ്യുന്നവ
ൎക്കെല്ലാവൎക്കും നിത്യജീവിതമുണ്ടാകുവാ
ൻ- അനുഗ്രഹം ചെയ്ക.
ആമ്മേനീശോ.

യാത്രയായിട്ടു വീട്ടിൽ
നിന്നു പുറപ്പെടുമ്പോൾ.

കൎത്താവെ അടിയൻ വീട്ടിൽനി
ന്നു പുറപ്പെടുന്ന യാത്രയിൽ വരു
ന്ന ആപത്തുകൾ ഒക്കയിൽനിന്നും
എന്നെ കാക്ക, നിന്റെ നന്മകളായി
ട്ടുകിൽ- എന്നെ നടത്തി വിചാരിച്ചു
പൊകുന്ന ദിക്കിൽ കാക്കുക- ഇക്കാൎയ്യം
സഫലമാക്കി, മോക്ഷവഴിയെ ഭ
ംഗംകൂടാതെ നടപ്പാൻ എന്നോടു കൃ
പ ചെയ്യേണമെ. ആമ്മേനീശോ.

യാതൊരു വേലയ്ക്കു
ആരംഭിക്കുമ്പോൾ.

സൎവ്വേശ്വരാ കൎത്താവെ! നിന്റെ
തിരുനാമത്തിനു പുകഴ്ചയായിട്ടിപ്പോ

ൻ. തുടങ്ങുന്ന- ഒപ്പെല്ല ഞായ'സാനി
കന്നാതുവരെയും, ഈശൊ മിശിഹായു
ടെ പുണ്യങ്ങളൊടു കൂടെ നിനക്കു ഞാ
ൻ കാഴ്ചവെക്കുന്നു. ആമ്മെൻ. ഈ കാ
ഴ്ചകൊണ്ടു വെല്ല ചെയ്യുമ്പൊൾ
കൂടെ കൂടെ കാഴ്ചവെക്കുന്നതിനെ
ഓൎത്തു കൊള്ളണം.

വചനത്താലെയും ക്രിയയാലെ
യും നിങ്ങൾ ചെയ്യുന്നതൊക്കെയും
ഈശൊമിശിഹായുടെ തിരുനാമത്താ
ൽ ചെയ്തു, താൻ കാരണമായി ബാ
വാതമ്പുരാന്ന ഉപകാരസ്മരണയൊ
ടു കൂടെ സ്തുതി ചെയ്വിൻ. *

* ശുദ്ധ.- പൌലൊസ. കൊലസ്സാ.
൩-൧൭.

സുകൃതജപം

റൂഹാദക്കുദശായുടെ മന്ത്രം.

റൂഹാദക്കുദശാ തമ്പുരാനെ! താ
ൻ എഴുന്നെള്ളിവരിക, തന്റെ വെ

ളിവിന്റെ കതിര-ആകാശത്തിൽ
വഴിയെ താനയച്ചുകൊൾക, അ
ഗതികളുടെ പിതാവെ ദാനങ്ങൾ
കൊടുക്കുന്നവനെ ഹൃദയത്തിന്റെ
പ്രകാശമെ-എഴുന്നെള്ളിവരിക, ആ
ശ്രയം നല്ല തണുപ്പ്ക്കുന്നവനെ, ആ
ത്മാവിന്ന് മധുരമുള്ളവിരുന്നെ, മധുരമു
ള്ള തണുപ്പെ അലച്ചലിൽ സുഖമെ
ഉഷ്ണത്തിൽ തണുപ്പെ, കരച്ചലിൽ
ധൈൎയ്യമെ-എഴുന്നെള്ളിവരിക, ആ
ശ്രയം-ആനന്ദത്തൊട്ടു കൂടിയിരിക്കു
ന്ന പ്രകാശമെ, നിന്റെ വിശ്വാസ
ക്കാരുടെ ഹൃദയത്തിന്റെ കുന്നുകൾ
നീ നിറെക്കുക, നിന്റെ വെളിവു കൂ
ടാതെ മനുഷ്യനിൽ-എതുമില്ല, ദൊ
ഷം കൂടാതെ യൊന്നുമില്ല, അഴുക്കു
ള്ളതു താൻ കഴുകുക, വാടിപ്പൊയ
തു താൻ നനെക്കുക, മൊശപ്പെട്ടതു താൻ
പൊറുപ്പിക്ക, ഇണക്കമില്ലാതെ പൊ
യതു താൻ ചൊവ്വാക്കുക, ആറിയ
ള്ളതു താൻ കാച്ചുക, പെരുവഴിയ

ല്ലാതെ പൊയതു രുകാൻ രക്ഷിപ്പിക്ക,
നിന്റെമെൽ ശരണപ്പെട്ടിരിക്കുന്ന
വിശ്വാസികൾക്ക നിന്റെ ശുദ്ധ-എ
ഴുദാനങ്ങൾ നീ കൊടുക്ക, നന്മയുടെ
ഫലവും നന്മയുടെ മരണവും എന്ന
ന്നെക്കുമുള്ള മൊക്ഷാനന്ദവും ഞങ്ങൾ
ക്ക നീ തരികെ. ആമ്മെൻ യീശൊ.

ഉപകാരസ്മരണസ്തുതി.

സൎവ്വെശ്വരനാ കൎത്താവെ! എന്നെ
നീ ഇല്ലാഴ്മയിൽ നിന്ന മാനുഷനായിട്ട
സൃഷ്ടിച്ചുണ്ടാക്കിയല്ലൊ.

കൎത്താവെ! നിനക്കു സ്തുതിയായി
രിക്കട്ടെ.

ഞാൻ ചെയ്ത പാപങ്ങളാൽ നര
കത്തിൽ പൊകുവാൻ കടമായിരി
ക്കയിൽ ഇക്കടത്തിന്നു ഒഴിവിപ്പാൻ എ
ന്നാൽ സാധിക്കായില്ലന്നുകണ്ട നീ മാനു
ഷനായി പിറന്നപാടു പെട്ടു രക്ഷിച്ചു
വല്ലൊ. കൎത്താവെ നിനക്കു

ഇപ്പുണ്യ ഫലങ്ങളെക്കൊണ്ടും ഇങ്ങാ
നസ്സാനം മുഖാന്തരമായിട്ട ഇനിക്ക

നീരുന്നുവല്ലൊ. കൎത്താവെ നിനക്കു.

ജ്ഞാനസ്നാനം കൈക്കൊണ്ടതിന്റെ ശെഷം നിന്നൊടു മറുത്ത പല വട്ടം ഞാൻ പാപങ്ങൾ ചെയ്തു - എന്നാലെയും, ഈ പാപങ്ങൾ ഒക്കെയും പാപസങ്കീൎത്തനം മുഖാന്തരമായിട്ടു പൊറുത്തു, എന്നെ നരകത്തിൽ നള്ളാതെ മൊക്ഷവഴിയിൽ നിറുത്തിയിരിക്കുന്നുവല്ലൊ. കൎത്താവെ നിനക്കു.

ഇന്നു നീ എനിക്കു എണ്ണമില്ലാത്ത ഉപകാരങ്ങൾ ചെയ്യുകല്ലാതെയും പിശാച - എന്നെനെ ദ്രൊഹിപ്പിച്ചിരുന്ന - എന്റെ ക്രിമികളെയും പിശകിനെ രക്ഷിച്ചുവല്ലൊ. കൎത്താവെ നി.

ഞാൻ - ഇന്നു ചെയ്തു പാപങ്ങളെ ദകായം - എന്റെ നിരുപായിൽ തെരാന്നവാസം നീ വെൾപ്പിക്കുന്നുണ്ടതിൻ വഴിവൊലെ + ഞാൻ കാവലെയാവാനം കൎത്താവെ - ഇനിക്കു നീ സഹായം ചെയ്യു.

+ കഴിഞ്ഞതു ചൊല്ലിട്ടുഖിക്കാം.

കഴിഞ്ഞ- ത്യെൎമ്മയെ ൨൧. ന്നു തുടങ്ങി-
ഞ്ഞന്നേ വരെയും നിരൂപണയാലെ
യും വചനങ്ങൾകാലെയും പ്രവൃത്തിയാ
ലെയുംചെയ്ത പാപങ്ങളെല്ലാകായും പ
ത്തു പ്രമാണം വഴിയായിട്ടു വിചാ
രിക്കണം.

വെദപ്രമാണങ്ങൾ പത്തും തിരു
സ്സഭയുടെ കല്പനകൾ- അഞ്ചും ചൊ
ല്ലണം.

പാപസംകീൎത്തന മന്ത്രം.

ഞാൻ പിഴയാളി, സൎവ്വത്രം ക
ഴിവുള്ള തമ്പുരാനൊട്ടും, ഭാഗ്യമുടെയ
എപ്പൊഴും കന്യാസ്ത്രീ മറിയത്തി
ന്നൊട്ടും, പ്രധാന മാലാകായായിരി
ക്കുന്ന ശുദ്ധ.- മിഖായെലൊട്ടും, ശു
ദ്ധ.-മാർയൊഹന്നൻ മാംദാനായൊ
ട്ടും, ശുദ്ധ.- ശ്ലീഹന്മാർ മാർപത്രൊ
സിനൊട്ടും മാർ പൌലൊസിനൊട്ടും
മാർതൊമ്മായൊട്ടും, ആകാശത്തി
ലെ പുണ്യവാളന്മാർ- ഒക്കെയൊട്ടും.
(എന്റെ ഗുരുവായിരിക്കുന്ന പട്ടക്കാ

നാ തന്നോട്ടും,) എന്റെ പിഴ ആകാൻ ചൊല്ലുന്നു. ഞാനെന്തെന്നാൽ നിരൂപണംകൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടും ഞാൻ അനേകം പിഴെച്ചു. എന്റെ പിഴ- എന്റെ പിഴ- എന്റെ വലിയ പിഴ, എന്നാൽ- ഇതിനെകൊണ്ടു, ഭാഗ്യമുടെയ- എപ്പൊഴും കന്യാസ്ത്രീ മറിയത്തിന്നോടും പ്രധാനമാലാഖായായിരിക്കുന്ന ശുദ്ധ.- മിഖായെലൊടും, ശുദ്ധ.- മാർയോഹന്നൻമാംദാനായൊടും, ശുദ്ധ.- ശ്ലീഹന്മാരുമാർപത്രൊസിനൊടും മാർപൌലൊസിനൊടും മാർതൊമ്മായൊടും, ആകാശത്തിലെ പുണ്യവാളന്മാരൊക്കെയൊടും, (എന്റെ ഗുരുവായിരിക്കുന്ന പട്ടക്കാരനൊടും) ഞാൻ പ്രാർത്ഥിക്കുന്നു, ഇനിക്കുവേണ്ടി തമ്പുരാനൊട- അപെക്ഷിച്ചുകൊള്ളണമെ. ആമ്മെനീശൊ.

(൭)

വലിയ
ഉത്തമമനസ്താപമന്ത്രം.

പരാപര വസ്തുവായിരിക്കുന്ന സ
ൎവ്വേശ്വരനാകൎത്താവെ! നീയുടയവൻ
ഞാൻ നീചനായിരിക്കുന്ന-ന്റടിമ, എ
ന്റടിമത്തൊക്കിയില്ലാത്ത സകല നന്മ
സ്വരൂപിയായിരിക്കുന്ന നിന്നെ ശ്രുക്കി
ക്കാതെ നിനക്കു വിരോധമായിരിക്കു
ന്ന പാപങ്ങൾ ചെയ്തു. ഉടയവനെ-
നിനക്കു ചെയ്ത ദ്രോഹങ്ങൾ ചിന്തി
ച്ചു. ഹെ ശേ: തമ്പുരാനെ! ഞാൻ ചെ
യ്ത പാപങ്ങളാൽ സ്ലീവാമെൽ നി
ന്നെ ഞാൻ തറെച്ചു, നിന്റെ തിരുമുറി
വുകൾ നിഷ്ഠുരമായ വണ്ണം, പലപ്പോൾ
ഞാൻ നൊമ്പരപ്പെടുത്തി, നീ സഹി
പ്പാൻ വശമല്ലാത്ത ഭാഗ്യപ്പാടുകൾ-
ഏറെ സ്ലീവാമെൽ തറെക്കപ്പെട്ട കഠി
ന മരണം ഒക്കെയനുഭവിച്ചതിന്നു, പാ
പി ഞാൻ കാരണമായിരിക്കുന്നു. ഞാൻ
ചെയ്ത പാപങ്ങളാൽ- എന്റെ-ആ
ത്മാവെ നശിപ്പിച്ചു പിശാചിന്നടിമ

യായി നരക പാതാളത്തിൽ വീണ
എന്നെന്നേക്കും—എല്ലാപ്പോഴും—അറുതി
യില്ലാത്ത കാലം കെടാത്ത തീയിൽ
ദഹിക്കാത്ത കട്ടപോലെ കിടന്നു വെ
കുവാൻ, എന്റെമേൽ—അളവില്ലാ
ത്ത കടം ഞാൻ വരുത്തി, എന്നാൽ
ഇതുകൊണ്ട നരകത്തിൽ പോകുമെ
ന്നുള്ള ഭയത്തെക്കാളും മോക്ഷം കിട്ടു
കയില്ലെന്നുള്ള ഖേദത്തെക്കാളും,
അളവില്ലാത്ത സകല നന്മസ്വരൂപി
യായിരിക്കുന്ന നിന്നെ ശ്രദ്ധിക്കാതെ
നിനക്കു വിരോധമായ പാപങ്ങൾ
ചെയ്തുകൊണ്ടും നിനക്കു ചേരാത്ത
ദ്രോഹങ്ങൾ ചിന്തിച്ചതിനാലെയും
അത്രയും വ്യസനപ്പെട്ട, മനസ്താപമാ
യിരിക്കുന്നു, ഇനിക്ക്—ഇതിനാലെയു
ള്ള മനസ്താപമല്ലാതെ വേറിട്ട, മ
നസ്താപമില്ല, ഇതുകൊണ്ടുള്ള ദുഃഖ
മല്ലാതെ വേറിട്ട ദുഃഖവുമില്ല ഇ
പ്പാപങ്ങളെക്കായും ഒരിക്കിലിനിയും
ഒക്കെയും ചെയ്തു പോയി, കഷ്ടമെ!

എന്റെ പാപങ്ങൾ നീ പൊറുക്ക, ക്ഷമിച്ചുകൊണ്ടെന്നെ രക്ഷ ചെയ്യുക. കർത്താവെ! എന്റെ പാപങ്ങൾ നീ പൊറുക്ക, ക്ഷമിച്ചുകൊണ്ടെന്നെ രക്ഷ ചെയ്യു, കർത്താവെ-എന്റെ പാപങ്ങൾ നീ പൊറുക്ക.

ഇനിയും മെലാലൊരിക്കലും ഇപ്രകാരമുള്ള പാപങ്ങൾ ചെയ്കയില്ലെന്നു, നല്ലമനസ്സൊടുകൂടെ പ്രതിജ്ഞ ചെയ്യുന്നു.

പിന്നെയും എന്റെ യൊഗ്യവും ശക്തിയും പൊരുതാത്തതാകകൊണ്ട, ഈശൊമിശിഹാ കർത്താവ പാടുപട്ടു ചിന്തിയ തിരുച്ചൊരയുടെ ഫലങ്ങളെ കരുതി, എന്റെ പാപങ്ങൾ-ഒക്കെയും പൊറുത്തു മൊക്ഷഭാഗ്യം എനിക്ക തരുമെന്നു മുഴുവൻ മനസ്സൊടുകൂടെ ശരണപ്പെട്ടിരിക്കുന്നു.

മുൻപൻ —

ഇവയൊക്കൊയു-
മെന്റെ ശക്തിയാ
ൽ-ങ്ങസാദ്ധ്യമാക
ക്കൊണ്ടെത്രെ-ദൈ
വ മാതാവെ. നി
ന്റെ പ്രിയപ്പെട്ട പു
ത്രനൊട-ഇനിക്ക
വെണ്ടി- യപെക്ഷി
ച്ചു കൊള്ളെണമെ.

സഹായക്കാരർ —

* ഞങ്ങളുടെ ക
ൎത്താവ-ഈശൊ മി
ശിഹായെ ലൊക
ത്തിന്റെ പാപങ്ങ
ൾ പൊക്കുന്നവനെ
ഞങ്ങളുടെ മെൽ
നീ യനുഗ്രഹിക്ക.

* ഇതിൻവണ്ണം മൂന്നവട്ടം ചൊല്ലണം
ഇതിന്റെ ശെഷം ആകാശങ്ങ
ളിൽ.- നന്മനിറഞ്ഞ.- വിശ്വാസ
പ്രമാണവും ചൊല്ലുക.

പരിശുദ്ധ ദൈവമാതാവിന്റെ പ്രാൎത്ഥന.

കൎത്താവെ-അനുഗ്രഹിക്ക.
മിശിഹായെ-അനുഗ്രഹിക്ക.
കൎത്താവെ-അനുഗ്രഹിക്ക.
മിശിഹായെ ഞങ്ങളുടെ പ്രാൎത്ഥന കെൾക്ക.

മിശിഹായെ ഞങ്ങളുടെ പ്രാൎത്ഥന കൈക്കൊൾക.

ആകാശങ്ങളിൽ-ഇരിക്കുന്ന ബാവാ തമ്പുരാനെ.
ഭൂലോകരക്ഷയുടെ പുത്രൻ തമ്പുരാനെ.
റൂഹാദക്കുദശാ തമ്പുരാനെ.
ഏക സ്വരൂപമായിരിക്കുന്ന ശുദ്ധ-ത്രീത്വമെ.

ശുദ്ധ.-മറിയമെ.

തമ്പുരാന്റെ പുണ്യജനനിയെ.

കന്യാസ്ത്രീകൾക്ക മകുടമാകുന്ന
നിൎമ്മല കന്യകെ.

മിശിഹായുടെ മാതാവെ.

ദൈവപ്രസാദത്തിനുടെ മാതാ
വെ.

ഏറ്റവും നിൎമ്മലമായിരിക്കുന്ന
മാതാവെ.

ഉത്തമ വിരക്തിയുള്ള മാതാ
വെ.

ഒഷലററ കന്യാസ്ത്രീയായിരി
ക്കുന്നമാതാവെ.

കന്യാവ്രതത്തിന്റെ വെടിപ്പി
ന്ന- ഭംഗം വരാത്ത മാതാവെ.

സ്നേഹ ഗുണാൎത്ഥങ്ങളുടെ മാ
താവെ.

അത്ഭുതത്തിന്റെ വിഷയമാ
യിരിക്കുന്നമാതാവെ.

സൃഷ്ടിക്കുന്നവന്റെ മാതാവെ.

രക്ഷിക്കുന്നവന്റെ മാതാവെ.

ഞങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്ക.

* വിവെകാശ്ചൎയ്യമുള്ള കന്ന്യകെ.

പ്രകാശമായസ്തുത്യത്തിന്നയൊഗ്യമായിരിക്കുന്ന കന്ന്യകെ.

സ്തുത്യ പ്രാപ്തിക്കൈശ്വൎയ്യമുള്ള കന്ന്യകെ.

വല്ലഭമുള്ള കന്ന്യകെ.

കനിവുള്ള കന്ന്യകെ.

വിശ്വസ്ഥ വതിയായിരിക്കുന്ന കന്ന്യകെ.

നെറിവിന്റെ † ദൎപ്പണമെ.

ബൊധ ജ്ഞാനത്തിന്റെ സിംഹാസനമെ.

ഞങ്ങളുടെ തെളിവിന്റെ കാരണമെ.

ആത്മജ്ഞാനപൂരിത പാത്രമെ.

ബഹുമാനത്തിന്റെ പാത്രമെ.

ശ്രെഷ്ഠതമായ ഭക്തിയുടെ പാത്രമെ.

ദൈവ രഹസ്യം നിറെഞ്ഞിരിക്കുന്ന പറുദ പുഷ്പമെ.

ഞങ്ങൾക്കുവെണ്ടി അപെക്ഷിക്ക.

---

* അറിവ. † കണ്ണാടി.

ദാവീദിന്റെ കൊട്ടയെ.

നിൎമ്മല ദന്തംകൊണ്ടുള്ള കൊട്ടയെ.

സ്വൎണ്ണാലയമെ.

* വാഗ്ദത്തത്തിന്റെ പെട്ടകമെ.

ആകാശ മോക്ഷത്തിന്റെ വാതിലെ.

ഉഷഃകാലത്തിലെ നക്ഷത്രമെ.

രോഗികളുടെ സ്വസ്ഥാനമെ.

ദോഷക്കാരുടെ സങ്കേതമായിടമെ.

വ്യാകുലന്മാരുടെ ആശ്വാസമെ.

ക്രിസ്ത്യാനികളുടെ സഹായമെ.

മാലാഖമാരുടെ † രാജ്ഞിയെ.

ബാവാന്മാരുടെ രാജ്ഞിയെ.

ദീൎഘദൎശികളുടെ രാജ്ഞിയെ.

ശ്ലീഹന്മാരുടെ രാജ്ഞിയെ.

വെദസാക്ഷികളുടെ രാജ്ഞിയെ.

ഞങ്ങൾക്കുവെണ്ടി അപെക്ഷിക്കണമെ.

---

* പവങ്ങൊപ്പ. † രാജ്ഞി.

വന്ദനന്മാരുടെ രാജ്ഞിയെ.

കന്യാസ്ത്രീകളുടെ രാജ്ഞിയെ.

സകല പുണ്യവാളന്മാരുടെ രാജ്ഞിയെ.

ജന്മമെല്ലാദ്ഭവിയായിരിക്കുന്നരാജ്ഞിയെ.

ഞങ്ങൾക്കുവെണ്ടി അപെക്ഷിക്കാ.

ഭൂലൊക ദൊഷഹീനം ചെയ്യുന്ന ദൈവ ചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന-ഈശൊകന്യുനാനെ.

കർത്താവെ ഞങ്ങളുടെ ദൊഷങ്ങൾ നീ പൊറുക്കാ.

ഭൂലൊക ദൊഷഹീനം ചെയ്യുന്ന ദൈവ ചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന-ഈശൊകന്യുനാനെ.

കർത്താവെ ഞങ്ങളുടെ പ്രാർത്ഥന നീ കെൾക്കാ.

ഭൂലൊക ദൊഷഹീനം ചെയ്യുന്ന ദൈവ ചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന-ഈശൊകന്യുനാനെ.

കൎത്താവെ ഞങ്ങളൊടു നീ-അനു
ഗ്രഹിക്ക.

സ്വൎഗ്ഗസ്ഥനെന്റെ പുണ്യ പൂൎണ്ണ
പ്പെട്ട മാതാവെ! ഇതാ നിന്റെ പ
ക്കൽ ഞങ്ങൾ ആശ്രയപ്പെടുന്നു, ഞങ്ങ
ളുടെ ആവശ്യനെരത്ത ഞങ്ങളുടെ
ഇരപ്പുകൾ നിരസിക്കല്ലെ, ഭാഗ്യവതി
യും ആശീർവദിക്കപ്പെട്ടവളുമായ അ
മ്മ കന്യകെ, സകല യാപത്തുകളി
ൽ നിന്നും ഞങ്ങളെ കാത്തു കൊള്ളെ
ണമെ.

മ. { ഈശൊമിശിഹായുടെ പറെ
ഞ്ഞൊപ്പിന്നു ഞങ്ങൾ യൊഗ്യ
രാകുവാൻ.

സ. { സ്വൎഗ്ഗസ്ഥനെന്റെ പരിശുദ്ധ
മാതാവെ ഞങ്ങൾക്കു വെണ്ടി
യപെക്ഷിച്ചു കൊൾക.

പ്രാൎത്ഥിക്ക.

കൎത്താവെ! മുഴുവൻ മനസ്സൊടു
കൂടെ ദണ്ഡനമസ്കാരം വീണു കിടക്കു

ന്നു ഇക്കാലത്തും വരെക്കു ത്രികാലത്തേക്കും എ
പ്പോഴും പരിശുദ്ധ കന്യകയായിരി
ക്കുന്ന മർക്കമറിയത്തിന്റെ അപേ
ക്ഷയാലെ സകല ശത്രുക്കളുടെ ഉപ
ദ്രവങ്ങളിൽനിന്നും, കൃപ ചെയ്തു ര
ക്ഷിച്ചു കൊള്ളേണമെ. ഈ സിദ്ധപ്പക
ളൊക്കയും ഞങ്ങളുടെ കർത്താവ-ഈ
ശോമിശിഹായുടെ തിരുമുഖത്തെ കു
റിച്ചു ഞങ്ങൾക്കു നീ തരിക.

ആമ്മെനീശോ.

ഇതിന്റെ ശേഷം രാജകന്യ
ക്ക മന്ത്രം. വിശ്വാസം. ശരണം.
ഉ. പി. ഇവറ്റിന്റെ പ്രകര
ണങ്ങൾ ചൊല്ലുക.

ശയനാരാധന.

സർവ്വേശ്വരാ കർത്താവെ! മനുഷ്യ
ർ ശയനത്തകാൽ ആശ്വസിക്കപ്പെടുവാ
ൻ രാത്രികാലം കല്പിച്ചുവല്ലൊ, നി
നക്കു സ്തുതിയായിരിക്കട്ടെ. ഇന്നു നി
ന ചെയ്ത സകല വുപകാരങ്ങൾക്കാ

യ്യുണ്ട നിന്നെ സ്തുതിച്ചുകൊണ്ടാടി
കൊണ്ട. എന്നാൽ ചെയ്യപ്പെട്ട പാവ
ങ്ങളെല്ലാക്കായും പൊറുത്തു കൊള്ളണ
മെന്നു നിന്നൊടു ഞാൻ അപെക്ഷിക്കു
ന്നു. ഇവ നിന്റെ അളവില്ലാത്ത മ
ഹിമക്കും ഗുണത്തിനും വിരൊധമാ
യിരിക്കയാൽ പരിച്ഛെദം ഇവരെ
കൊന്നൊക്കണം. ഒ രാത്രിയിൽ യറ്റ്ച്ച
യാൽ വരുന്ന മരണത്താലും ദുസ്സ്വപ്നം
മുതലായ പിശാചിന്റെ പരീക്ഷ
കളാലും ഇടിയും വിഘ്നംവരാതെ
കാത്തു രക്ഷിച്ചു കൊള്ളണമെ. ആഃ
എന്റെ ഈശൊ! എന്റെ രക്ഷ സ
മയത്തിൽ നിന്റെ ഇഷ്ട പ്രസാദ
ത്തൊടു കൂടെയിരുന്ന നിന്റെ ശ്ലീ
വാത്താശയൊടു കൂടെ അക്ഴകിക്കൊ
ണ്ടു ജീവൻ വാങ്ങുന്നതിനും നിന്റെ
രാജ്യത്തിൽ നിന്നൊടു കൂടെ നിരന്ത
രം അനുകൂലപ്പെടുവാനും എന്നൊടു
കൃപ ചെയ്യണമെ.

ആമ്മെനീശൊ.

നിദ്ര ചെയ്യെണ്ടും ക്രമം.

൯-നിദ്രയ്ക്കു ഭാവിക്കായിൽ നിന്റെ കിടക്ക കുഴിമാടം എന്നു വിചാരിച്ചു, നിദ്രയ്ക്കു സദൃശമായിരിക്കുന്ന മരണം എത്ര എളുപ്പത്തിൽ വരുവാറാകുന്നു വെന്നും അപ്പൊൾ + ലൌകിക ബെഹുമാനം ഭൊഗാദികൾക്കുട്ടത്തകളെ വിചാരമൊക്കയും എത്ര പ്രകാരത്തിൽ ആയിരിക്കുമെന്നും ചിന്തിക്ക. നിദ്രയുടെ ആരംഭം ഹെതുവായിട്ടു കൎത്താവിന്റെ ശുശ്രൂഷയ്ക്കു, അധികാരമാദ്യമുണ്ടാകുവാൻ നിന്റെ ശയനം അങ്ങെ * അമലത്തിരുവുള്ളത്തിങ്കൽ ശുദ്ധ ഹൃദയത്തൊടു കൂടെ കാഴ്ചവയ്ക്ക. നിദ്രയിൽ നിപിട്ടുന്ന ശ്വാസങ്ങളൊക്കെയും നിദ്രയററവ പന്മ ദൈവദൂതന്മാരും ശെഷം പരലൊകവാസികളൊക്കയും ഇടവിടാതെ ചെയ്യു വരുന്ന സ്തൊത്രങ്ങളൊടു കൂടെ ചെര

+ ലൊകസംബന്ധമായുള്ളത.

* അമലം-നിൎമ്മലം.

പ്പടണമെന്നാഗ്രഹിച്ച നിന്റെ രക്ഷി
താവിന്റെ തിരുകരങ്ങളിൽ നിന്നെ
കായ്യാളിച്ചിരിക്കുന്നു വെന്നു വിചാരി
ച്ചുറങ്ങുക.

രാത്രിയിൽ ഉണർന്നു വെങ്കിൽ, വീ
ണ്ടും കർത്താവിങ്കൽ തന്നെ നിന്നെ ക
യ്യാളിച്ചു, തന്നൊടപെക്ഷിക്ക.

* ഞാൻ എന്റെ ആത്മാവൊട്ടു
കൂടെ രാത്രിയിൽ നിന്നൊടപെക്ഷി
ക്കുന്നു. * ദീർഘദർശിയായ-ഏശയ്യാ-
൨൬-അദ്ധ്യ.൯-വച.

രാത്രിജപാവസാനം

ലത്തീൻ ഭാഷയിൽ ഒള്ള പൂജകാണെണ്ടും പ്രകാരം.

പൂജകാണ്മാൻ പൊകെണ്ടും ക്രമം.

നീ- പൂജ കാണ്മാൻ പൊകയിൽ
നിന്റെ നിരൂപണ പലപല കായ്യ

ങ്ങളിന്മെൽ പല വിധത്തിൽ ഭിന്നി
ച്ചു, ഇളക്കിടാതെ എകാഗ്രമായിന്നി
ല്ക്കുന്നതിന്ന നിന്നാൽ കഴിയും വ
ണ്ണം മുൻപിനാൽ തന്നെ പ്രയാസ
പ്പെടുക. നിന്റെ ദിവ്യ രക്ഷകൻ
താൻ തന്നെ ബലിയായിട്ടു പൊകു
ന്നത കാണെണം തന്നൊടു കൂടെ ഐ
ക്യപ്പെടുവാനും നിന്നെ വിളിക്കുന്ന ഇ
മ്പമുള്ള ശബ്ദം നിന്റെ ചെവിയിൽ
കെൾക്കപ്പെടുന്ന പൊലെ വിചാരി
ച്ചുകൊൾക.

നീ ദെവാലയത്തിൽ പൊകുമ്പൊൾ
നമ്മുടെ കൎത്താവ അനുഭവിച്ച ക
ഷ്ടങ്ങളുടെയും തിരു മരണത്തിന്റെ
യും സമയത്തിൽ നീ കൂടെയുണ്ടായിരി
പ്പാൻ എന്നപൊലെ, ദെവമാതാവി
നൊടു കൂടെയും ശെഷം ഭക്തിയുള്ള
സ്ത്രീകളൊടു കൂടെയും നീയും ഗാഗുൽ
ത്താ മലയിലെക്കു പൊകുന്ന പ്രകാരം വി
ചാരിച്ചുകൊൾക. നിന്റെ പാപ
ങ്ങൾനിമിത്തം രക്ഷകൻ താൻ സ്ലീവാ

മെൽ ബലിയാകുവാനായിട്ട- ആയ
കിന്നെനിന്റെ മുന്നാലെ ചുമന്നുംകൊ
ണ്ടെപൊകുന്നവെന്നും.കന്റെകഷ്ടാനു
ഭവങ്ങൾ ഒക്കെക്കും നിന്റെ പാപ
ങ്ങളത്രെ കാരണമെന്നും നിരുപിച്ചു,
ഉള്ളുരുകപ്പെടുക. നീ ദെവാലയത്തി
ന്റെ യുള്ളിൽ പ്രവെശിക്കുമ്പൊൾ;
ആ ദെവാലയത്തിന്ന കർത്താവായി
രിക്കുന്ന സർവ്വെശ്വരന്റെ സന്നിധിയി
ൽ എത്രയും ആചാര വണക്കത്തൊ
ടുകൂടെ നിന്നെ എറവും താഴ്ത്തുക.
അവിടെ ദിവ്യ കാരുണ്യത്തെ സ്ഥാപ
കം ചെയ്തിരിന്നാൽ മുട്ടിന്മെൽ നിന്ന
നിന്റെ രക്ഷിതാവിന്നെ മഹാഭയഭ
ക്തിയൊടുകൂടെ- ആരാധന ചെയ്ക.
തീർത്ഥ ജലം കൊണ്ടു സ്ലീവാ വരെച്ചു
കൊള്ളുകയിൽ നിന്റെ പാപങ്ങൾ
കാ പൊറ്റുകി കിട്ടുവാനും ദിവ്യ ചെ
മ്മനിയാട്ടിൽ കൂട്ടിയായ- ഒപ്പെശാമിശി
ഹായുടെ തിരു രക്തത്താൽ നിന്റെ
പാപങ്ങളിൽനിന്നകഴുകപ്പെട്ട- ശുദ്ധ

മാകപ്പെട്ടുവാനും ഐശ്വൎയ്യം എളിമയൊടു കൂടെ അപെക്ഷിച്ചു കൊണ്ടു അല്പ വിഘ്നവുമില്ലാതെ നിന്റെ ധ്യാനം ചെയ്യുവാൻ തക്കായിടം തെടി മുട്ടിന്മെൽ നിന്ന അവിടെ കൎത്താവ പ്രത്യക്ഷമായിരിക്കുന്ന എന്നു ഉറപ്പൊടു കൂടെ വിശ്വസിച്ച, ഇപ്പുറമെ പൂജിക്ക ഭ്രമകരമായ പൂജയെ ചെയ്യുന്നയൊഗ്യതയൊടു കൂടെകൊണ്ടു കാഴ്ച വെക്കുന്നതിനു കൎത്താവ അനുഗ്രഹം ചെയ്യണമെന്നപെക്ഷിച്ചു കൊൾക.

പൂജെക്കു മുൻപിൽ

ആസ്ഥപ്പാടിന്റെ ജപം.

കരുണ നിറഞ്ഞ പിതാവെ അനുഗ്രഹമുള്ള കൎത്താവെ! പാപത്താൽ നശിക്കപ്പെട്ട മനുഷ്യവംശത്തെ വീണ്ടു രക്ഷിപ്പാൻ നിന്റെ ഏകപുത്രനു മുൻപിനാൽ കഠിനവെദനപ്പെട്ടു സ്ലീവാമെൽ ജീവൻ വാങ്ങുന്നതിനു തിരുമനസ്സായതുമെന്നു. അപ്പൊൾ താൻ സ്ലീവാമെൽ അൎപ്പിച്ച, പൂജ നിനക്കാരാ

കാലം അങ്ങെക്കാപ്പട്ടുകായിരിപ്പാനും
അകിനാൽ ഞങ്ങൾ അനുഭവിക്കെ
ണ്ടും ഫലങ്ങൾ ഇടവിടാതെ അനുഭ
വിപ്പാനുമായിട്ടു, ഇപ്പൂജ- എന്നും തി
രുസ്സഭയിൽ നടന്നു വരുന്നതിന നീതി
രു മനസ്സായല്ലൊ നിന്റെ അറുതിയി
ല്ലാത്ത വല്ലഭവും അളവററ ജ്ഞാന
വും കുറവററ നന്മയും വിളങ്ങുന്നതു
ശുദ്ധമായ ഇപ്പൂജ വിനയത്തൊടു
കൂടെയും ഭയഭക്തിയൊടു കൂടെയും
അടിയങ്ങൾ കാണ്മാനും ചൊര ചി
ന്താതെ ചെയ്യപ്പെടുന്ന ഇപ്പൂജയാൽ സ്ലീ
വാമെൽ ചൊര ചിന്തി ചെയ്യപ്പെട്ട പൂ
ജയുടെ ഫലങ്ങൾ കുറവു കൂടാതെ
ഒക്കെക്കൊള്ളപ്പെടുവാനും അനുഗ്രഹം
ചെയ്യണമെന്നു നിന്നൊടു ഞങ്ങൾ അ
പെക്ഷിക്കുന്നു.

എന്റെ ദിവ്യ ഈശൊ തമ്പുരാനെ!
നിന്റെ മധുരമുള്ള കാരുണ്യത്തെ പ്രാ
പിപ്പാൻ എന്റെ ഹൃദയം യൊഗ്യമാ
ക്കി എന്റെ ഇന്ദ്രിയങ്ങൾ നന്മയാൽ

നില നിറുത്തി പാപിയായിരിക്കുന്നു
അടിയന്റെ ദൊഷങ്ങളെ ഒക്കെയും
നിന്റെ തിരുരക്തത്താൽ പൊക്കി,
എന്റെ ആത്മാവിനെ പരിശുദ്ധപ്പെ
ടുത്തുക.

ദയാ പരനായിരിക്കുന്ന സർവ്വെ
ശ്വരാ! നീ എന്റെ പാപ കാഠിന്യ
ത്തെ കവിചാരിക്കല്ലെ, നിന്ദകാരണമൊ
ചകമായിരിക്കുന്നതിനാൽ ഇവരെ
യൊക്കയുംകൊണ്ട ദ്വെഷിച്ചിരിക്കുന്നു.
യാതൊരുത്തരും എന്നൊടു വികൃഷ്ട
ങ്ങൾ ചെയ്തിരിന്നാൽ അവരുടെ കു
റവുകളൊക്കെയും ഞാൻ നല്ല മന
സ്സൊടു കൂടെ ക്ഷമിച്ചു കൊണ്ട, എ
ന്റെ പാപങ്ങളൊക്കയും നീയും പൊ
റുത്തു കൊള്ളണമെന്നു അത്രയും എളി
മയൊടു കൂടെ അപെക്ഷിക്കുന്നു.

എന്റെ മധുരമുള്ള ഈശോ തമ്പു
രാനെ! നീ നിന്നെത്തന്നെ മുഴുവനും
അടിയനെപ്രതി പൂജയായിട്ടു കൊടു
ത്തുവല്ലൊ ആ പ്രകാരം നിന്റെ തി

ഭമനസ്സോടു കൂടെ എന്റെ മനസ്സി
നെ ഐക്യപ്പെടുത്തി അടിയനെ മുഴുവ
നും നിന്റെ പൂജയായിട്ടു കാഴ്ചവയ്ക്കു
ന്നു. ആമ്മെനീശൊ.

പൂജ ആരംഭിക്കുമ്പോൾ.

ആരാധനയ്ക്കു പാത്രമായിരിക്കുന്ന എ
കത്രിത്വമെ! നീച പാപിയായിരി
ക്കുന്ന അടിയൻ നിന്റെ ഉന്നത മഹി
മ പ്രകാശ ശോഭനത്തിന്നു ചെയ്യ
പ്പെടുന്ന ശുശ്രൂഷ നമസ്കാരങ്ങൾ ചെ
യ്യാനുള്ള ആഗ്രഹാധിക്യത്തൊടു കൂടെ
നിന്റെ തിരുനാമത്തെ കുറിച്ച, ഒ
ഉന്നത പരമ പൂജ കാണുന്നു. എ
ന്റെ ദിവ്യ രക്ഷകനെ എന്റെ രക്ഷ
യെ പ്രതി കാഴ്ചവയ്ക്കപ്പെടുന്ന മഹിമ
യെറുന്ന ഇപ്പൂജയെ അംഗീകരിക്കുന്ന ഭക്തി
വൊടു കൂടെ കൊമ്പന എന്റെ തിരു
പണയാൽ ഒന്നിച്ച, ഇപ്പൂജ! കാഴ്ച
വെപ്പാൻ ഇനിക്കു നീ യോഗ്യത വരുത്തിക.
എന്റെ പാപങ്ങളെ പ്രതി നീ

*ഗാഗുൽത്താമലയിൽ, സ്ലീവാമെൽ
തറെക്കപ്പെട്ട, രക്തം ചിന്തി ചെയ്യപ്പെ
ട്ട ഈശോ എന്റെ കണ്ണിനു കൊണ്ട ക
ണ്ടാൽ എന്റെ ഹൃദയത്തിൽ എത്ര പ്ര
കാരം ഭക്തിയും ദുഃഖവും ഉണ്ടായി
രിക്കുമൊ ഈ പ്രകാരമുള്ള ഉത്തമ ഭ
ക്തിനടക്കം ചിന്താതവെളിയായ ഈപ്പൂ
ജയുടെ ഒന്നരത്തിലും കരുണാവെ എ
ന്റെ ഹൃദയത്തിൽ ജനിപ്പിക്കാ.

൨൭. — പാപസങ്കീർത്തന
മന്ത്രം ചൊല്ലുമ്പോൾ.

എന്റെ സർവ്വേശ്വരാ! ഞാൻ നി
ന്നോടു ചെയ്ത പാപദ്രോഹങ്ങളൊ
ക്കയും നിന്റെ തിരുമുൻപിൽ ഞാൻ
ഉച്ചരിക്കുന്നു. എന്റെ നിരുവണ്ണ
വചനം പ്രവൃത്തികൾ കൊണ്ട ഞാ
നെക്ക പാപങ്ങൾ ചെയ്തിരിക്കുന്നതി
നാൽ കന്യാസ്ത്രീകൾ — ഒക്കെക്കാൾ നി
ർമ്മല പരിശുദ്ധ കന്യാസ്ത്രീ ആയിരി
ക്കുന്ന ശുദ്ധ — മറിയം സകല പുണ്യ

(* ൧൪)

റ്റാളന്മാർ സമസ്തവിശ്വാസികൾ ഇ
വരൊടെ മുൻപാകെ ഞാൻ മഹാപാ
പിയായിരിക്കുന്നു എന്ന വെളിപ്പെട്ട
ത്തുന്നു, എന്റെ പിഴ എന്റെ പിഴ
എന്റെ വലിയ പിഴ. ആയതുകൊണ്ടു
എപ്പൊഴും കന്യാസ്ത്രീയായിരിക്കുന്ന
ശുദ്ധ-മറിയത്തിനൊടും സകല റ്റ
ഞ്ഞുവാളന്മാരൊടും ഇനിക്കു വെണ്ടി
തമ്പുരാനൊടു-അപെക്ഷിച്ചു കൊ
ള്ളണമെന്നപ്രാർത്ഥിക്കുന്നു.

എന്റെ കർത്താവെ! എന്റെ അ
പെക്ഷ ദയയൊടു കൂടെ കൈക്കൊ
ണ്ടു, ഇനിക്കു † പാപവിമൊചനവും
പൊറുതിയും, ഇഷ്ടപ്രസാദവും തര
ണമെന്ന നിന്നൊടു അപെക്ഷിക്കു
ന്നു.

ഗുരു.—കർത്താവെ അനുഗ്രഹിക്ക
എന്നു മന്ത്രം ചൊല്ലുമ്പൊൾ.

ഞങ്ങളുടെ ആത്മ * ശിഷ്ടകനായി
രിക്കുന്ന കർത്താവെ! നിന്നാലെ സ്വ

---

† പാപം തീർക്ക. * നല്ലവൻ.

ഷ്ടിക്കപ്പെട്ട ഞങ്ങളുടെ ആത്മങ്ങളിന്മെൽ നീ അനുഗ്രഹിക്ക. അന്തമില്ലാത്ത കാരുണ്യം നിറെഞ്ഞിരിക്കുന്ന ഞങ്ങളുടെ പിതാവെ! നിന്റെ മക്കളുടെ മെൽ നീ കൃപയായിരിക്ക. ഞങ്ങളുടെ രക്ഷയുടെ കാരണവുമായി ഞങ്ങൾക്കവെണ്ടി പൂജപ്പെട്ടവനായിരിക്കുന്ന കർത്താവെ! നിന്റെ തിരുരക്തത്താലെയും തിരുമരണത്താലെയുമുള്ള ഫലങ്ങൾ ഞങ്ങൾക്ക നീ തരിക. അറുതിയില്ലാത്ത സ്നെഹത്തിനു യൊഗ്യനായ മധുരമെറുന്ന ഈശൊ തമ്പുരാനെ! ഞങ്ങളുടെ നിർഭാഗ്യത്തെ കാണ്ടു-അനുഗ്രഹിച്ചു, ഞങ്ങളുടെ പാപങ്ങൾ നീ പൊറുത്തു കൊൾക.

ശ്ലൊ.- മാലാഖമാർ പാടിയ ദൈവസ്തുതി ചൊല്ലുമ്പൊൾ.

ഉന്നത വാനമണ്ഡലത്തിൽ സർവ്വെശ്വരനു സ്തുതിയും ഭൂലൊകത്തിൽ ശുദ്ധമനസ്സുള്ളവൎക്ക സമാധാനവുമുണ്ടായിരിക്കട്ടെ. കർത്താവെ! രാജാധി

പരി രാജാവെ ഉന്നതെ പരമ രക്ഷി
താവെ സത്യമായ ദൈവമെ സർവ്വ വ
ല്ലഭമുള്ള പിതാവെ! ഞങ്ങൾ നി
ന്നെ വാഴ്ത്തി സ്തുതിച്ചു ആരാധിച്ചു
വണങ്ങി നമസ്കരിച്ചു, മഹാ മഹിമ
വിനയത്തോടു കൂടെയും ഉപകാര
സ്മരണയോടു കൂടെയും, നിനക്കു സ്തു
തി ചെയ്യുന്നു. ആരാധിക്കപ്പെട്ടവനാൻ
വാക്കുമായിരിക്കുന്ന മിശിഹാ കർത്താ
വെ! പിതാവിന്റെ ഏക കുമാരാ
സർവ്വ വശമുള്ള കർത്താവായിരിക്കുന്ന
നഷ്ടപെന്ന ഭൂലോക ദോഷഹീനം
ചെയ്വാൻ എഴുന്നെള്ളി വന്ന ദൈ
വ ചെമ്മരിയാട്ടിൻ കുട്ടിയെ ഞങ്ങളു
ടെ മേൽ അനുഗ്രഹിക്ക, സ്വർഗ്ഗത്തിൽ
നിന്റെ പിതാവോടു കൂടെ രാജ്യഭാ
രം നടത്തുന്ന നീ നിന്റെ കരുണാക
ണ്ണുകൾ ഞങ്ങളുടെ മേൽ തിരിക്ക.
ഞങ്ങളുടെ കർത്താവെ! നീ ഒരുവ
ൻ മാത്രം പിതാവിന്റെ മഹിമ പ്ര
ഭാവങ്ങളിൽ, റൂഹാദക്കുദിശായോടു

ക്രൂടെ—അവരതമില്ലാതകന്യകാപാന്ത്യ
വന്നമായിന്നുളവില്ലാത്ത പരിശു
ദ്ധനമായി. അന്നുവല്ലഭമുള്ളൊന്ന
മായിരിക്കകൊണ്ട ഞങ്ങളെ രക്ഷി
പ്പാൻ നിനക്ക മാത്രം സാദ്ധ്യമായി
രിക്കയാല്ലൊ ഞങ്ങളെ നീ രക്ഷിച്ചു
കൊൾക.

ജപം

എന്റെ രക്ഷകാവെ! ശുദ്ധ—ദെ
വമാതാവിന്റെ—അപെക്ഷയും ദെ
ശാൽ ചെയ്യുന്ന പുണ്യവാളന്മാരുടെ
യ പെക്ഷയും നീ കെൾക്കെണ്ടു, ഞങ്ങ
ൾ—ഇയാളെ പ്രതിയും ഞങ്ങളെ പ്ര
തിയും—അപെക്ഷിക്കുന്നകാൎയ്യങ്ങളെ
യും ഞാനിന്നെയല്ലാം പ്രതി അപെ
ക്ഷിപ്പാൻ കണ്ടിരിക്കുന്ന—അവന്മാരെ അപെ
ക്ഷിക്കുന്ന കാൎയ്യങ്ങളെയും സാദ്ധ്യമാ
ക്കുക. ഇതുമെന്റെ എന്റെ കൎത്താ
വെ! ഞങ്ങൾ അവനും സ്വൎഗ്ഗെ അ
പ്രാപിപ്പാൻ വെണ്ടുന്ന വരപ്രസാദ
ങ്ങളെ കൊടുത്തരുളെണമെ ആമ്മെനു

ടെ തിരുമുഖത്തെ കുറിച്ചു ഞങ്ങൾ
ക്കു നിരൂപിക്ക.

൧൮. — ഏവൻഗെലിയൊൻ വായിക്കു
മ്പൊൾ.

എന്റെ സർവ്വെശ്വരാ! നിന്റെ
സത്യവെദത്തെ — അറിയാതിരിക്കുന്ന
അനെകമായിരം പെരുടെ — ഇടയിൽ
അടിയനെ ആക്കിവിച്ചിരിക്കുക, നിന്റെ
ദിവ്യവെദം അറിവാൻ — എന്നൊടു നി
ക്രുപ ചെയ്തു. ഈ സത്യവെദത്തെ കൊ
ൻ മുഴുവൻ മനസ്സൊടു കൂടെ കൈ
ക്കൊണ്ടു. ദീർഘദർശികളെ കൊണ്ടു നി
അറിയിച്ച സത്യങ്ങളെ ആകെയും അ
രുളും പൂജ്യതയൊടു കൂടെ ചെവി
കൊടുത്തു കെൾക്കുന്നതു എല്ലാറ്റെ — അ
വ. ദൈവവചനമാകയാൽ പാത്രസം
അനുസരണമുള്ള മനസ്സൊടു കൂടെ
അവയെ വന്ദിച്ചു, ആ വചനങ്ങൾ
ക്കു തക്കവണ്ണം അനുഭവം കൂടാതെ ന
ടന്നു വരുന്നതു കണ്ടു, മനൊസന്തൊഷ
ത്തൊടു കൂടെ ഞാൻ തെളിയുന്നു.

എന്റെ സൎവ്വേശ്വരാ! പൂൎവ്വ വെ
ദത്തിലുണ്ടായിരുന്ന ശുദ്ധമാക്കപ്പെട്ടവ
രെപ്പോലെ ഞാനും പരിശുദ്ധ ഹൃദ
യത്തോടു കൂടെ വ്യാപരിപ്പാൻ ന്യാ
യമായിരിക്കുമ്പോൾ പാപാത്മാവെ
പ്പോലെ ഞാൻ നിന്നോടപെക്ഷിച്ചു,
ദീൎഘദൎശികളെപ്പോലെ നിന്നെ അറി
ഞ്ഞു, നമസ്കരിച്ചു, ശ്ലീഹന്മാരെപ്പോ
ലെ നിന്നെ സ്നേഹിച്ചു. ഞാൻ മുഴുവ
നും നിനക്കായിരിക്കട്ടെ.

൧൩.— എവൻഗെലിയോൻ
വായിക്കുമ്പോൾ.

എന്റെ സൎവ്വേശ്വരാ! ഇനി ഞാ
ൻ നടക്കേണ്ടുന്ന വഴി, ശ്ലീഹന്മാരും
ദീൎഘദൎശികളുമല്ല നിന്റെ ഏകപു
ത്രൻ തന്നെ എന്നെ പഠിപ്പിച്ചിരിക്കു
ന്നു, തന്റെ തിരുവചനമത്രെ കെൾ
പ്പാൻ ഞാൻ പോകുന്നത്, എന്നാൽ
ണയുള്ളൊ— എന്റെ കൎത്താവായിരി
ക്കുന്ന ഈശോമിശിഹായെ! ഞ
ങ്ങൾ നിന്റെ തിരുവചനങ്ങളെത്രെ

യെന്നു വിശ്വസിച്ചുകൊണ്ടു, എന്റെ
വിശ്വാസത്തിന്നു തക്കവണ്ണം നടന്നി
ല്ലായെങ്കിൽ എനിക്കു പ്രയോജനമെ
ന്തു, നിന്റെ തിരുമുമ്പിൽ വിധിക്ക
ഞാൻ വരുമ്പോൾ എന്റെ പക്കൽ
ദൈവസ്നേഹവും നല്ല വ്യാപാരവും
ഇല്ലാതെ വിശ്വാസം മാത്രമിരുന്നാൽ
എനിക്കുള്ള ഫലമെന്തു. ഞാൻ വിശ്വ
സിച്ചിരുന്നാലും, വിശ്വാസമില്ലാത്ത
വനെപ്പോലെയും അല്ലെങ്കിൽ നി
ന്റെ എവൻഗേലിയോനു വിരോ
ധമായിരിക്കുന്ന മറ്റൊന്നെ വിശ്വ
സിച്ചിരിക്കുന്നവനെപ്പോലെയും ഞാ
ൻ നടന്നു വരുന്നു. എന്റെ സർവ്വേ
ശ്വരാ നിന്റെ പഠിത്വത്തിന്നും എ
ന്റെ നടപടികളുമുള്ള ഐക്യമത്യ
സത്തിന്നു തക്കവണ്ണം എന്നെ നീ വിധി
ക്കല്ലെ, എന്റെ കർത്താവെ! ഞാ
ൻ മുഴുവൻ മനസ്സോടുകൂടെ നിന്റെ
സത്യത്തെ വിശ്വസിക്കുന്നു, എന്റെ
വിശ്വാസത്തിന്നു തക്കവണ്ണം നട

പ്പാൻ ഇനിക്ക വെണ്ടുന്ന ധൈൎയ്യവും
ബലവും നീ തരിക. കൎത്താവെ—അ
തിനാൽ നിനക്ക സ്തുതിയും ബഹുമാന
വുമുണ്ടാകും.

൧൩. — വിശ്വാസപ്രമാണം ചൊല്ലുമ്പോൾ.

സകലത്തെയും സൃഷ്ടിച്ചവനാം
സൎവ്വവല്ലഭമുള്ള പിതാവുമായിരിക്കു
ന്ന ഏക സൎവ്വേശ്വരനെ വിശ്വ
സിക്കുന്നു. ശുദ്ധതയിലും വല്ലഭത്തി
ലും നിത്യത്വത്തിലും ദൈവത്വത്തി
ലും പിതാവിന്നു ശരിയായിരിക്കു
ന്ന ഏക പുത്രനുമായി ഞങ്ങളുടെ ക
ൎത്താവുമായിരിക്കുന്ന യേശുമി
ശിഹായെയും വിശ്വസിക്കുന്നു. താൻ
മാനുഷരുടെ മെലുള്ള സ്നേഹത്തി
ന്റെ എറവത്താൽ മാനുഷാവതാ
രം ചെയ്തു, പാടുപെട്ടു മരിച്ചു, ഉ
യിൎത്തെഴുന്നെള്ളി സ്വൎഗ്ഗാരോഹണ
ഞ്ചെയ്തുവെന്നും, ഇനിയും മാനുഷരെ
വിധിപ്പാൻ എഴുന്നെള്ളി വരുമെന്നും

ഇതിന്റെ ശേഷം സദാകാലം-ഒടു
ക്കം ഇല്ലാത്ത മാധുര്യമായ രാജ്യ പരി
പാലനത്തെയും കൊണ്ട് തികക്കും എന്നും,
ഉറെപ്പോട് കൂടെ വിശ്വസിക്കുന്നു.
പിതാവിനും പുത്രനും ശരിയായ് ഇരി
ക്കുന്ന ദൈവമായി ഇവരിൽ നിന്നു
പുറപ്പെട്ടു, ഇവരെപ്പോലെ മഹിമയും
ശുദ്ധതയുമുള്ളവനുമായി എന്നേ
ക്കുമുള്ള-ആത്മസ്സിന്റെ ഉറവയുമായി
ദീർഘദർശികൾക്ക ജ്ഞാനം കൊടുക്കു
ന്നവനുമായിരിക്കുന്ന റൂഹാദക്കുദശാ
യെയും വിശ്വസിക്കുന്നു. ശ്ലീഹന്മാർ
ഉറപ്പിക്കപ്പെട്ട ഏക കാതോലിക്കാ
തിരുസ്സഭയെയും-പാപ ✝ നിവാരണ
ത്തിനുള്ള ജ്ഞാനസ്നാനത്തെയും
വിശ്വസിക്കുന്നു. സകല ശരീരത്തിന്റെ ഉയി
ർപ്പും. മരിച്ചവരിൽ നിന്നും ഉയിർക്ക,
എന്നേക്കുമുള്ള-ആത്മസ്സു ഇനിക്കുണ്ടാ
കുന്ന മുഴുവൻ മനസ്സോടു കൂടെ ശ
രണപ്പെടുത്തുന്നു. ആമ്മേനീശോ.

✝ തികക.

ഉദ.-ഞാനും കയ്യിലെടുക്ക
കാഴ്ച വയ്ക്കുമ്പോൾ.

ഞാട്ടകിനിച്ചുരുക്ക ദയയും- ഞള
വില്ലാത്ത പരിശുദ്ധവുമുള്ള നിത്യ സ
ർവ്വേശ്വരാ! ഞാൻ നിന്റെ തിരുമുൻ
പിൽ നില്പാൻ എത്രയും- ഞെരെയോഗ്യ
നായിരിക്കുന്നവനെങ്കിലും എന്റെ ര
ക്ഷകനായിരിക്കുന്ന- ഈശോ മിശിഹാ
ഇപ്പൂജയെ ഞങ്ങൾ കയ്യ സമർപ്പിക്കുന്നതിനാൽ ,വീ
ണ്ടും-ഇനിക്കവേണ്ടി ഇപ്പിതാവിനെക്ക്
ഴുമ്പെട്ടിരിക്കുന്ന- കുർബാനയുടെ നാമത്തെ
അതിലും, ഞയ ശ്ലീഹന്മാരുടെ സ്നേഹ
ത്തോടു കൂടെ-എന്റെ മനസ്സും ഒന്നായിട്ടു
ചേർക്ക, ഏകപുണ്യവാന്റെ * കൈ
കളിലൂടെ- ഇപ്പൂജ നിനക്കു കാൺ
കാഴ്ചവയ്ക്കുന്നു. എപ്പടിയെന്നാൽ എല്ലാ
സൃഷ്ടിക്കപ്പെട്ട സർവ്വ വസ്തുക്കളിലുമെല്ലാം
നിനക്കുള്ള വയുടെപ്പെട്ട കർത്താവിനെക്ക
യറിഞ്ഞ നന്മക്കുമ്പിട്ടതും, എന്റെ
പാപങ്ങൾക്ക പരിഹാരം കിട്ടുവാനും,

* പുരോഹിതൻ.

ഉന്നിക്കനിചെയ്ത - എണ്ണമില്ലാത്ത - ഉ
പകാരങ്ങളെ ഓൎക്കും - ഉപകാരസ്മ
രണ സ്തുതിയായിട്ടും - കൎത്താവെ ഇ
പ്പൂജ നിനക്കു കാഴ്ച വെക്കുന്നു.

പിന്നയും - എന്റെ സൎവ്വേശ്വരാ! സ
കല പാപങ്ങൾക്കും പ്രതിക്രിയായി
ട്ടു പൂജിക്കപ്പെട്ടവനും - എല്ലാവറ്റിനെ
ക്കാൾ പരിശുദ്ധനമായിരിക്കുന്ന നി
ന്റെ - ഏക പുത്രന്റെ പുണ്യങ്ങളെ
കുറിച്ചു, പാപികൾക്കായ്ക്കൊണ്ടരു
ളപ്പെട്ട രക്ഷണീയത്തിന്റെ ഇഷ്ടപ്ര
സാദ ഫലങ്ങൾ കൂടിയും കൂടിയ
ന്റെ മാതാപിതാക്കന്മാർ സംബന്ധ
ക്കാർ ഉപകാരികൾ സ്നേഹിതർ ശ
ത്രുക്കൾ എല്ലാവരും അനുഭവിപ്പാനാ
യിട്ടും, ഈ ദിവ്യ പൂജ നിനക്കു കൊണ്ട
കാഴ്ച വെക്കുന്നു. ഉത്തമമെന്നു കൂടി
യൻ നിനക്കു കാഴ്ച വെക്കുന്ന പൂജയു
ടെ ഫലം ശുദ്ധ - മാൎപ്പാപ്പാമെത്രാ
ന്മാർ ഗുരുക്കൾ രാജാക്കൾ പ്രഭുക്കൾ
സകലമാന ക്രിസ്ത്യാനികളും [illegible]

വിപ്രാൻ അനുഗ്രഹഞ്ചെയ്യണമെ. എന്റെ കൎത്താവെ നിന്റെ സ്നെഹപ്പെട്ട പുത്രന്റെ പുണ്യഫലങ്ങളെ കാവിച്ച * വെസ്സുക്കാനായിലിരിക്കുന്ന ആത്മാക്കളുടെ മെൽ അനുഗ്രഹിച്ച, അവൎക്ക അനുകൂലവും പ്രകാശവും ശൈത്യവുമുള്ള യിടവും കല്പിക്കാ.

എന്റെ ദൈവമായവനെ! നിന്റെ ശത്രുക്കളൊടും എന്റെ വിരൊധികളൊടും കൃപ ചെയ്ക, അജ്ഞാനികൾ † പാഷണ്ഡികൾ കള്ള ക്രിസ്ത്യാനികൾ ഇവരുടെമെലും അനുഗ്രഹിക്കാ. എന്നെ ഉപദ്രവിപ്പിക്കുന്നവരെ ആശീൎവദിക്കാ. ഇവരെന്നൊട ചെയ്യുന്ന കാൎയ്യങ്ങൾ ഞാൻ നല്ല മനസ്സൊട കൂടെ പൊറുക്കുന്നതുപൊലെ ഉടയവൻ നിന്നൊട ചെയ്ത കാൎയ്യങ്ങളൊക്കയും പൊറുത്തു കൊൾക.

---

* (൬൯) † (൭൩)

ഗുരു-പൂജയ്ക്കു യോഗ്യസ്ഥലമായുള്ള ജപം ചൊല്ലുംപൊൾ.

മാലാഖമാൎക്കും മനുഷ്യൎക്കും, എ
ല്ലാവൎക്കും രാജ്ഞിയായിരിക്കുന്ന യാൎ
ത്ഥമായിപ്പിറന്നതിന്മേൽ - എഴുന്നള്ളി
വരുവാൻ തുടങ്ങുന്നു. ലോക കാൎയ്യ
ങ്ങളിന്മെൽ എന്റെ നിരൂപണം പര
ന്നു - പോകാതെ നിന്നെമാത്രം അനുഗ്രഹി
ച്ചു കൊണ്ടിരിപ്പാൻ കൎത്താവെ - ഇ
നിക്ക നിന്റെ ഉള്ളിലെക വഴി പൊ
ലെ തരിക, പരലോകത്തിന്നും ഭൂ
ലോകത്തിന്നും പരമ കൎത്താവുമാ
യി സൎവ്വവല്ലഭമുള്ളവനുമായിരിക്കുന്ന
നമ്മുടെ പിതാവെ! കെടന - എല്ലാകാല
ത്തിലും - എല്ലാ യിടത്തിലും നിന്നെ
വാഴ്ത്തി സ്തുതിച്ചുകൊണ്ടു വരുവാൻ
ഉചിതകടമായിരിക്കൊണ്ടാൽ, ഞങ്ങൾ പ്ര
കാരം നിന്നെ - ഇടവിടാതെ ആരാ
ധിച്ചു കൊണ്ടു വരുന്നതിനു - ഒപ്പം
മാപരവാ കൎത്താവിനൊട്ടു) കൂടെ

* ഐക്യപ്പെട്ടവരല്ലാതെ നീതിയും ഉത്തമവുമായിട്ടുള്ളത ഒരുവിടെയും കാണുന്നില്ല. സകല ധൎമ്മിഷ്ഠന്മാരും തന്നെ കൊണ്ട നിനക്ക † ശുശ്രൂഷ ചെയ്യുന്നു, മാലാഖാ ദേവന്മാരെക്കായും പൂജിത ഭയത്തോടു കൂടെ മേലത്തെ സ്വൎഗ്ഗങ്ങളിലൊരുമിച്ച ഇവരെ കൊണ്ട നിന്നെ സ്തുതിച്ചു പുകഴുന്നു. കൎത്താവെ! ഞങ്ങളുടെ നീച്ച പുകഴ്ചകളും മാലാഖമാരുടെ ശുദ്ധമാകപ്പെട്ട പുകഴ്ചകളോടു കൂടെ കൂട്ടി നിനക്കു കാണിക്കവെപ്പാൻ ഞങ്ങൾക്ക — അനുവാദം തരിക.

ഉരു.— പരിശുദ്ധൻ പരിശുദ്ധൻ
പരിശുദ്ധനെന്നു ചൊല്ലിക്കൊണ്ട
വണക്ക പുകഴ്ത്തപ്പെടുവാൾ.

